# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തിരുവനന്തപുരം.-695001**

**ഇ-മെയിൽ:** lfadtvm@yahoo.in

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം./ജിപി.8/1514/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/11/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം./ജിപി.8/1514/2024 തീയ്യതി: 13/11/2024

## തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 79 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രതാപ്കുമാർ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2024 | 02-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2024 | 02-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.പ്രദീപ്കുമാർ.ആർ.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുജേഷ്.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി.ആർ.വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിബിൻ ബാബു, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ശശികല.എസ്. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി അമിത.സി.ഒ. | സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ.നിഷാദ്.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2023 | 10-07-2023 |
| ശ്രീ.ആരിഫുദ്ദീൻ.എ. | സെക്രട്ടറി | 10-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2023 | 18-07-2023 |
| ശ്രീ.രതീഷ് കുമാർ | കൃഷി ഓഫീസർ | 19-07-2023 | 16-09-2023 |
| ശ്രീ.സുധീർ.എം.എൻ | കൃഷി ഓഫീസർ | 16-09-2023 | 07-12-2023 |
| ശ്രീ.വിമൽകുമാർ.എം.എസ്. | കൃഷി ഓഫീസർ | 08-12-2023 | 31-03-2024 |
| ഡോ.രമ്യാമോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീ.നിഷാദ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി ജസ്ന ഫാത്തിമ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.കൃഷ്ണകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി മിനി.എസ് | ഹെഡ്മിസ്ട്രസ് | 01-04-2023 | 07-06-2023 |
| ശ്രീമതി മഹിമ.ആർ | ഹെഡ്മിസ്ട്രസ് | 08-06-2023 | 05-07-2023 |
| ശ്രീമതി ബീന.എസ് | ഹെഡ്മിസ്ട്രസ് | 06-07-2023 | 31-03-2024 |
| ഡോ.ബൈജു .എസ് | വെറ്റിനറി സർജൻ | 01-04-2023 | 18-07-2023 |
| ഡോ.ലേഖാ ജോർജ് | വെറ്റിനറി സർജൻ | 19-07-2023 | 31-03-2024 |
| ഡോ.അമിത് മിട്ടു | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 30-06-2023 |
| ഡോ.രാമകൃഷ്ണ ബാബു | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-07-2023 | 10-09-2023 |
| ഡോ.ഏവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 11-09-2023 | 31-03-2024 |
| ശ്രീമതി സെമ്മി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | 01-04-2023 | 31-03-2024 |
| ശ്രീമതി സെമ്മി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 01-04-2023 | 09-04-2023 |
| ശ്രീമതി വിൻസ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 10-04-2023 | 06-05-2023 |
| ശ്രീമതി സെമ്മി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 07-05-2023 | 13-06-2023 |
| ശ്രീമതി അനുശ്രീ.സി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 14-06-2023 | 01-09-2023 |
| ശ്രീമതി സെമ്മി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 02-09-2023 | 17-09-2023 |
| ശ്രീമതി ശാരിക.ജെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 18-09-2023 | 31-03-2024 |
| ശ്രീമതി സബിത.കെ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | ഓൺലൈൻ പേയ്മെന്റ് മുഖേന ലഭിച്ച തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | Deaf അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | നിയമാനുസൃത കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-1-8 |
| 10 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-9 |
| 11 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. | 1-1-10 |
| 12 | ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ് കാണുന്നു. | 1-1-11 |
| 13 | വെള്ളക്കര കുടിശ്ശിക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-12 |
| 14 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തതിന് മുൻപ് തുക പിൻവലിക്കുന്നു | 1-1-13 |
| 15 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട മറ്റ് നിരീക്ഷണങ്ങൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്ഷേമ പദ്ധതികൾ | 1-6 |
| 23 | മരണശേഷവും സാമൂഹ്യ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച് | 1-6-1 |
| 24 | ക്യാഷ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു | 1-9-1 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | തനത് വരുമാനം- പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-11 |
| 30 | തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകത | 1-12 |
| 31 | റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. | 1-12-1 |
| 32 | തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല. | 1-12-2 |
| 33 | സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-12-3 |

| | | |
|---|---|---|
| 34 | ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം- തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. | 1-13 |
| 35 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ– നപടിക്രമങ്ങളിലെ വീഴ്ച | 1-14 |
| 36 | ജിംനേഷ്യങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-14-1 |
| 37 | ട്രേഡേഴ്സ് ലിസ്റ്റ്- തൻവർഷത്തെയും മുൻവർഷത്തെയും വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-14-2 |
| 38 | ലൈസൻസ് നേടിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം - സഞ്ചയ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-14-3 |
| 39 | മൂലധന നിക്ഷേപം, കാറ്റഗറി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 1-14-4 |
| 40 | ശാസ്ത്രീയമായ അറവ് ശാല സ്ഥാപിക്കൽ– കോടതി ഉത്തരവ്, സർക്കാർ നിർദ്ദേശം എന്നിവ നടപ്പിലായില്ല | 1-15 |
| 41 | വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ– സ്ഥിതി വിവരകണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-16 |
| 42 | കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-17 |
| 43 | പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല | 1-18 |
| 44 | വസ്തു നികുതി- നിരീക്ഷണങ്ങൾ | 1-19 |
| 45 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-19-1 |
| 46 | വസ്തു നികുതി ഒഴിവാക്കിയ വിമുക്ത ഭടൻമാരുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-19-2 |
| 47 | ഡാറ്റാ പ്യൂരിഫിക്കേഷൻ– നടപടികൾ പൂർത്തിയായില്ല | 1-19-3 |
| 48 | അടിസ്ഥാന വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-19-4 |
| 49 | വസ്തു നികുതി പരിഷ്കരണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-19-5 |
| 50 | അനധികൃത നിർമ്മാണത്തിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നു | 1-20 |
| 51 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ– നടപടിക്രമങ്ങളിലെ അപാകത | 1-21 |
| 52 | ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കൽ– പ്രോജക്ട് പൂർത്തീകരിച്ചില്ല - 4,14,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 53 | ഐ.കെ.എമ്മിന് വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-23 |
| 54 | വെതർ സ്റ്റേഷൻ സ്ഥാപിക്കൽ– സർക്കാർ നിർദ്ദേശം നടപ്പിലായില്ല | 1-24 |
| 55 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ– മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 56 | ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനത്തിന്റെ വിശദാംശം VEELS വെബ്സൈറ്റിൽ എൻട്രി വരുത്തിയില്ല. | 1-26 |
| 57 | സ്ട്രീറ്റ് ലൈറ്റ്- ലൈൻ എക്സ്റ്റൻഷൻ | 1-27 |
| 58 | പ്രോജക്ടിൽ വകയിരുത്തിയിട്ടില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചു | 1-28 |
| 59 | പാലിയേറ്റീവ് കെയർ പ്രോജക്ട്- നടപടിക്രമങ്ങളിലെ വീഴ്ച | 1-29 |
| 60 | ഗ്രാമസഭാ യോഗം ചേരുന്നത് സമയനിബന്ധന പാലിക്കുന്നില്ല | 1-30 |
| 61 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | 1-31 |
| 62 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിലെ അപാകം | 1-32 |
| 63 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അപാകങ്ങൾ | 1-33 |
| 64 | അങ്കണവാടികളുടെ ദൈനം ദിന ചെലവ് വഹിക്കലിൽ അടങ്കൽ തുകയെ അധികരിച്ച് ചെലവഴിച്ചു | 1-34 |
| 65 | പശുക്കുട്ടി വിതരണം - ജനറൽ -പദ്ധതിയിലെ അപാകങ്ങൾ - 30,000/- രൂപ തടസപ്പെടുത്തുന്നു | 1-35 |

| | | |
|---|---|---|
| 66 | പശുക്കുട്ടി വിതരണം - എസ്.സി.പി- പദ്ധതിയിലെ അപാകങ്ങൾ - 45,000/- രൂപ തടസപ്പെടുത്തുന്നു. | 1-36 |
| 67 | പശുക്കുട്ടി വിതരണം പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഈടാക്കിയതിലെ അപാകങ്ങൾ | 1-37 |
| 68 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാത്ത തുക തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. | 1-38 |
| 69 | ശമ്പളത്തിൽ നിന്നുള്ള കിഴിവുകൾ യഥാസമയം ഒടുക്കുന്നില്ല | 1-39 |
| 70 | മഴക്കാല പൂർവ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല – 21,000/- രൂപ തടസ്സം | 1-40 |
| 71 | എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി അനുവദിച്ചു -51,790/- രൂപ നിരാകരിക്കുന്നു | 1-41 |
| 72 | വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്ക് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ആദ്യ ഗഡു അനുവദിക്കുന്നു. | 1-42 |
| 73 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-43 |
| 74 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ | 1-44 |
| 75 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-45 |
| 76 | ദുരിതാശ്വാസ നിധി - വരവ് ചെലവുകളില്ല | 1-46 |
| 77 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. | 1-47 |
| 78 | ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ് | 1-48 |
| 79 | കുളങ്ങളുടെ നവീകരണം- തുടർ പരിപാലനമില്ല | 1-49 |
| 80 | റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-50 |
| 81 | എൽ.എസ്.ജി.ഡി.എ.ഇ യുടെ ഓഫീസിലേയ്ക്ക് വാഹന സൗകര്യം ലഭ്യമാക്കൽ – ആദായനികുതി ഈടാക്കി ഒടുക്കുവരുത്തിയില്ല. | 1-51 |
| 82 | പഠനോപകരണം വാങ്ങി നൽകൽ– മുൻഗണനാക്രമം പാലിച്ചിട്ടില്ല | 1-52 |
| 83 | പകൽവീട് പ്രോജക്ട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്. | 1-53 |
| 84 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ– തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-54 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി അനുവദിച്ചു -51,790/- രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്കുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2024 തീയതിലെ 1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.05.204 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തുന്ന രീതിയിലല്ല നിലവിൽ ഐ.എൽ.ജി.എം.എസ് ഫിനാൻസ് മൊഡ്യൂളിൽ വാർഷിക കണക്കുകളുടെ റിപ്പോർട്ട് ചിട്ടപ്പെടുത്തിയിരിക്കുന്നതെന്നും, പ്രസ്തുത സംവിധാനത്തിൽ വാർഷിക അനുപാതങ്ങൾ ലഭ്യമാക്കുന്നതിന് വകുപ്പ് മുഖേന അപേക്ഷ സമർപ്പിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) മറുപടി ലഭ്യമാക്കി.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

"Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും (10231250/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (8917679/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നാണ് മറുപടി (48/27.08.2024) ലഭ്യമാക്കിയത്.

### 1-1-3 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം(പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഐ.എൽ.ജി.എം.സ് ഫിനാൻസ് മൊഡ്യൂളിൽ ബി-1 ഷെഡ്യൂൾ ലഭിക്കാത്തതിനാലാണ് ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) മറുപടി ലഭ്യമാക്കി.

### 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിലെ തുക "0" ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Stock Management ഐ.എൽ.ജി.എം.സ് ഫിനാൻസ് മൊഡ്യൂളിൽ ഉൾപ്പെടാത്തതാണ് അപാകത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ്48/27.08.2024). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58(4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 ഓൺലൈൻ പേയ്മെന്റ് മുഖേന ലഭിച്ച തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല

State Bank Of India CHERUNNIYOOR( 37259656340 ) - ഇ – പേയ്മെന്റ് അക്കൗണ്ട് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 50696/- രൂപ ചുവടെ ചേർക്കുന്ന തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല (Cheque Deposited But Not Cleared). പ്രസ്തുത തുകകളിൽ 2022-23 കാലയളവിൽ ലഭിച്ച തുകകളും ഉൾപ്പെട്ടിട്ടുണ്ട്.

ഇ-പേയ്മെന്റ് മുഖേന ലഭിക്കുന്ന തുകകൾ നേരിട്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് എത്താതെ ഐ.കെ.എമ്മിന്റെ ഇന്റർമീഡിയറി അക്കൗണ്ട് മുഖേനയാണ് വരുന്നതെന്നും ബാച്ചായി ലഭിച്ച തുകകളിൽ ഏതൊക്കെ തുകകളാണ് വിട്ടുപോയിട്ടുള്ളതെന്ന് പരിശോധിച്ച് വരുന്നതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) മറുപടി ലഭ്യമാക്കി. ഓൺലൈൻ പേയ്മെന്റ് മുഖേന ലഭിക്കുന്ന തുകകൾ യഥാസമയം പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-1-6 Deaf അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക RP-40(b) പ്രകാരം State Bank Of India (57060054805) അക്കൗണ്ടിൽ 9614/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇടപാടുകൾ നടത്താത്തതിനാൽ നീക്കിയിരിപ്പ് തുക Deaf അക്കൗണ്ടിലേയ്ക്ക് മാറ്റിയെന്ന് കാണുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു "ശൂന്യപത്രിക" തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളായ വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ/തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301394/31.03.2024 |
| 110100102 | Property Tax On Non Residential Buildings | 42301396/31.03.2024 |

| | | |
|---|---|---|
| 110200101 | Profession Tax - Institutions | 42301385/31.03.2024 |

വരും വർഷങ്ങളിൽ അതത് സമയം ഡിമാന്റ് രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) മറുപടി ലഭ്യമാക്കി. ഭാവിയിൽ ഡിമാന്റ് രേഖപ്പെടുത്തുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-8 നിയമാനുസൃത കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ ഹെഡ് കോഡ് 350800101 - Liability In Respect Of Stale Cheques ശീർഷകത്തിലെ 56,682/- രൂപയിൽ നിയമാനുസൃത കാലാവധി (3 വർഷം) കഴിഞ്ഞ ചെക്കുകളുണ്ടോയെന്നും, ആയവ തിരികെ അതാത് ഫണ്ടുകളിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-9 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരിക്കാത്ത ചെലവുകൾക്കുള്ള പ്രൊവിഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-10 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ വിവിധ ഹെഡുകളിലായി ആസ്തികൾക്ക് Accumulated Depreciation രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡുകളിലെ Depreciation ഏത് ഹെഡിലുൾപ്പെട്ട ആസ്തിയുടേതാണെന്ന് വ്യക്തമല്ല. കൂടാതെ താഴെപ്പറയുന്ന ഇനങ്ങൾക്ക് 2023-24 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2022-23 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

| ക്രമ നം. | Fixed Asset ന്റെ ഇനം |
|---|---|
| 1 | Sewerage And Drainage |
| 2 | Waterways |
| 3 | Public Lighting |
| 4 | Plant & Machinery |

ഡിപ്രീസിയേഷൻ തുകകൾ പൂർണ്ണമായും രേഖപ്പെടുത്തിയാൽ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് പൊസിഷൻ നെഗറ്റീവ് ആകുമെന്നതിനാലാണ് മേൽ പട്ടികയിലെ സ്ഥിരാസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകാത്തതെന്ന് മറുപടി (48/27.08.2024) ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥിരാസ്തികൾക്കും ചട്ട പ്രകാരമുള്ള ഡിപ്രീസിയേഷൻ നൽകേണ്ടതാണ്.

### 1-1-11 ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ് കാണുന്നു.

വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | കാലയളവ് |
|---|---|
| State Bank Of India (67061858880) | 08.08.2023 മുതൽ 29.09.2023 വരെ |
| FEDERAL BANK (11290100430184) | 31.10.2023 മുതൽ 29.01.2024 വരെ |
| CANARA BANK (110065799436) | 07.12.2023 മുതൽ 24.02.2024 വരെ |

അക്കൗണ്ടിൽ ഓട്ടോ ക്രെഡിറ്റ് ആകുന്ന തുക വരവിലെടുക്കാൻ കാലതാമസം ഉണ്ടാകുന്നതാണ് അപാകത്തിന് കാരണമായി (60/29.08.2024) വിശദീകരിച്ചത്. വരവ് തുകകൾ യഥാസമയം രസീത് നൽകി

കണക്കിലെടുക്കേണ്ടതാണ്.

## 1-1-12 വെള്ളക്കര കുടിശ്ശിക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

വാട്ടർ അതോറിറ്റിയിൽ നിന്നും 18.03.2024 തീയതിയിൽ ലഭ്യമായ 83461 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം മാർച്ച് മാസം വരെ അടവാക്കാൻ അവശേഷിച്ച വാട്ടർ ചാർജ്ജ് കുടിശ്ശിക 3854724/- രൂപയാണ്. ടി തുക വാർഷിക ധനകാര്യ പത്രിക ബി- 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (80/29.08.2024) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ മുഴുവൻ ബാധ്യതയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-1-13 ബാങ്ക് ബുക്കിൽ രേഖപെടുത്തൽ വരുത്തതിന് മുൻപ് തുക പിൻവലിക്കുന്നു

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുക പിൻവലിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | ഇനം | തുക | ചെക്ക് നം./തീയതി | ബാങ്കിൽ നിന്ന് തുക പിൻവലിച്ച തീയതി |
|---|---|---|---|---|
| 22300033/16.05.2023 | Mike Announcement Charges For Adalath | 2500 | 108120/03.05.2023 | 03.03.2023 |
| 22300052/23.05.2023 | Advocate Fee | 3606 | 108124/12.05.2023 | 12.05.2023 |
| 22300067/27.05.2023 | Advertisement Of Tender Notice Of Drinking Water | 17136 | 108128/18.05.2023 | 19.05.2023 |
| 22300126/17.06.2023 | Mike Announcement Charges Of Malinya Muktham Nava Keralam Campaign Including Vehicle Rent | 6500 | 108142/05.06.2023 | 05.06.2023 |
| 22300111/13.06.2023 | Security Deposit Refund | 5000 | 108146/06.06.2023 | 06.06.2023 |

അടിയന്തിരമായി പണം നൽകേണ്ടവർക്ക് തുക അനുവദിക്കേണ്ട വേളകളിലാണ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിന് മുൻപ് തുക പിൻവലിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതെന്നും ഭാവിയിൽ ഇത് ഒഴിവാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (70/02.09.2024) മറുപടി ലഭ്യമാക്കി. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് മുൻപായി തുക പിൻവലിക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

## 1-1-14 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട മറ്റ് നിരീക്ഷണങ്ങൾ

1) റീഫണ്ട് നൽകേണ്ട തുകകൾ ക്രമീകരിച്ചിട്ടില്ല

ഹെഡ് കോഡ് 350400399 – Refund Payable – Other Fees ഇനത്തിൽ 2257/- രൂപയും. ഹെഡ് കോഡ് 350400701 – Refund Payable – Deposit Works ഇനത്തിൽ 2000/- രൂപയും ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും ടി തുകയാണ് മേൽ ഹെഡുകളിൽ ഉൾപ്പെട്ടിരുന്നത്. മേൽ തുക ക്രമീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/27.08.2024) മറുപടിയായി ഹെഡ് കോഡ് 350400399 – ലെ തുക അടുത്ത ധനകാര്യ പത്രികയിൽ ക്രമീകരിക്കുന്നതാണെന്നും, ഹെഡ് കോഡ് 350400701 – ലെ തുക 2022-23 സാമ്പത്തിക വർഷം തെറ്റായ ഹെഡിലെടുത്ത റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് ആണെന്നും ആയത് അടുത്ത വർഷം ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

2) നിക്ഷേപ പ്രവൃത്തികൾക്കായി അനുവദിച്ച തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല

വിവിധ നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2520716 | 898173* | 3418889 |
| കെ.എസ്.ഇ.ബി | 919935 | 99187 | 1019122 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 156451 | 198000 | 354451 |

*മേൽ തുകയിൽ 2022-23 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ചെയ്ത 483473/- രൂപ Prior Period Expense ആയി ഉൾപ്പെട്ടിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിച്ച തുകയോടൊപ്പം തൻവർഷം അഡ്വാൻസ് നൽകിയ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (80/29.08.2024) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 23.03.2023 | 06.02.2024 |
| ഭരണസമിതി തീരുമാനം | 1(1) | 2(2) |
| മുന്നിരിപ്പ് | 12822159 | 12822159 |
| പ്രതീക്ഷിത വരവ് | 199303500 | 221303113 |
| ആകെ | 212125659 | 234125272 |
| പ്രതീക്ഷിത ചെലവ് | 208629404 | 232220315 |
| നീക്കിയിരിപ്പ് | 3496255 | 1904957 |

### 1-2-1 ബജറ്റ് - അപാകങ്ങൾ

ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. പെർഫോമൻസ് ബജറ്റ്

ബജറ്റ് കുറിപ്പുകളും ബജറ്റ് പ്രസംഗവും ബജറ്റ് രേഖകളോടൊപ്പം ചേർത്തിട്ടുണ്ടെങ്കിലും പെർഫോർമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

2.12.2016 ലെ ജി.ഒ. (ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് പഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2023-24 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ലായെന്ന് അറിയിച്ചു.

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

( അവലംബം ഓഡിറ്റ് അന്വേഷണക്കുറിപ്പ് 53/27.08.2024 ന്റെ മറുപടി)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24808010 |
| വരവ് | 48696931 |
| ആകെ | 73504941 |
| ചെലവ് | 38465681 |
| നീക്കിയിരിപ്പ് | 35039260 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17573158 | 17573158 | 15010548 | 2562610 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10253678 | 10253678 | 9552314 | 701364 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 2427000 | 2427000 | 3949081 | -1522081 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3236000 | 3236000 | 317388 | 2918612 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 2220000 | 2220000 | 2218191 | 1809 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 4128000 | 4128000 | 3986065 | 141935 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 387345 | -387345 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 3880000 | -3880000 |

*വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| **മേഖല** | **വിഭാഗം** | **അടങ്കൽ (മറ്റുള്ളവ ഒഴികെ)** | **ചെലവ് (മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 6697865 | 3086702 | 46.08 |
| | പട്ടിക ജാതി | 2218400 | 590500 | 26.62 |
| **സേവനം** | പൊതുവിഭാഗം | 57356604 | 22671146 | 39.53 |
| | പട്ടിക ജാതി | 32201052 | 13464847 | 41.81 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 13837727 | 5615760 | 40.58 |
| | പട്ടികജാതി | 1853964 | 432977 | 23.35 |

വിവിധ മേഖലകൾക്ക് വകയിരുത്തിയ തുക ഭാഗികമായി മാത്രം ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും

വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3357048 | 796314 | 23.72 |
| കുട്ടികൾ | 576550 | 314500 | 54.55 |
| വൃദ്ധർ | 1316982 | 1148412 | 87.2 |
| ഭിന്നശേഷിയുള്ളവർ | 1332000 | 845805 | 63.5 |
| പാലിയേറ്റീവ് കെയർ രോഗികൾ | 736780 | 636980 | 86.45 |
| അതിദരിദ്രർ | 1131372 | 1000310 | 88.42 |

മതിയായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലും, സാങ്കേതിക കാരണങ്ങളാലും ചില പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതാണ് ചെലവ് ശതമാനം കുറയാൻ കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പാക്കാൻ കഴിയുന്നതാണോയെന്ന് വിലയിരുത്തി മാത്രം പ്രോജക്ട് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | തദ്ദേശ സ്ഥാപനം | തുക |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 377040 |
| 2 | ജില്ലാ പഞ്ചായത്ത് | 367380 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ചതും തനത് ഫണ്ട് അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ളതുമായ മേൽ തുകകൾ സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100198 | Grant From Suchitwa Mission | 805852 |
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 193890 |
| 320500101 | Grants, Funds & Contributions For Specific Purposes - Welfare Bodies- Capital | 25000 |

മേൽ തുകകൾ ചെലവ് റിക്വിസിഷൻ വരുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു.

5) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 596371/- രൂപ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയില്ല. ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ച് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) ഹെഡ് കോഡ് 320100999 Other Liabilities – ലെഡ്ജർ പരിശോധിച്ചതിൽ 98351/- രൂപ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. ടി തുക ഏതിനത്തിലേതാണെന്നും, ബാധ്യതയായി നിലനിർത്തിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്

7) ഹെഡ് കോഡ് 320200101 – Development Fund - General - Capital -ൽ 126160/- രൂപയും, ഹെഡ് കോഡ് 320200105 - Development Fund - Central Finance Commission Grant - Performance Grant – ൽ 1,465,570/- രൂപയും ബാധ്യതയായി നിലനിർത്തിയതിന്റെ കാരണം വ്യക്തമാക്കിയില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 52/27.08.2024 മറുപടി)

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം /വായ്പ /മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം /വായ്പ /മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 11 | 3 | 3028231 | 2170352 | 71.67 |
| 2 | വെറ്ററിനറി സർജൻ | 14 | 7 | 7 | 4823034 | 1095250 | 22.71 |
| 3 | മെഡിക്കൽ ഓഫീസർ (FHC) | 15 | 13 | 2 | 5198901 | 3818228 | 73.44 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 0 | 825000 | 825000 | 100 |
| 5 | വി.ഇ.ഒ. സർക്കിൾ 1 | 10 | 6 | 4 | 4007000 | 2530220 | 63.14 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 11 | 0 | 3632390 | 2902921 | 79.92 |
| 7 | സെക്രട്ടറി | 43 | 25 | 18 | 15463392 | 7283578 | 47.1 |
| 8 | ഹെഡ്മാസ്റ്റർ, GLPS | 5 | 3 | 2 | 835000 | 537653 | 64.39 |
| 9 | വി.ഇ.ഒ. സർക്കിൾ 2 | 12 | 9 | 3 | 48697990 | 12858844 | 26.41 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 26 | 27 | 27660210 | 9207635 | 33.29 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 500000 | 400000 | 80 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 8 | 5 | 3062628 | 2232251 | 72.89 |

അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം ലഭ്യമായ 53 പ്രോജക്ടുകളിൽ 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ചെലവു ശതമാനം 33.29 ആണ്.

വി.ഇ.ഒ. സർക്കിൾ 2 അംഗീകാരം ലഭ്യമാക്കിയ 12 പ്രോജക്ടുകളിൽ 9 എണ്ണം നടപ്പാക്കിയെങ്കിലും ചെലവു ശതമാനം 26.41 മാത്രമാണ്.

വെറ്ററിനറി സർജൻ അംഗീകാരം ലഭ്യമാക്കിയ 14 പ്രോജക്ടുകളിൽ 7 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ചെലവു ശതമാനം 22.71 മാത്രമാണ്.

സെക്രട്ടറി അംഗീകാരം ലഭ്യമായ 43 പ്രോജക്ടുകളിൽ 25 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ചെലവു ശതമാനം 47.1 മാത്രമാണ്.

അങ്കണവാടികളുടെ ദൈനംദിന ചെലവുകൾ വഹിക്കൽ (പ്രോ.നം.81/24) പ്രകാരം അടങ്കൾ തുകയേക്കാൾ (27866) കൂടുതൽ ചെലവഴിച്ചതായി (32381) കാണുന്നു.

**ആകെ അടങ്കൽ / ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 23416756 | 15010548 | 64.1 |
| വികസനഫണ്ട് (എസ്.സി.പി.) | 14170322 | 9552314 | 67.41 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14135430 | 4266469 | 30.18 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4594007 | 387345 | 8.43 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 18095000 | 3880000 | 21.44 |
| തനത് ഫണ്ട് | 6337131 | 2024910 | 31.95 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 10089631 | 3002589 | 29.76 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 14003858 | 930500 | 6.64 |
| മെയിന്റനൻസ് റോഡ് | 7183280 | 3986065 | 55.49 |

| | | | |
|---|---|---|---|
| മെയിന്റനൻസ് നോൺ റോഡ് | 4230000 | 2218191 | 52.44 |
| മറ്റുള്ളവ | 42280703 | 10162264 | 24.03 |

1) പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 3.1.1(1) പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കാവുന്നതാണ്. തൻവർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല. നിലവിലുള്ള ആസൂത്രണ സമിതി തുടരുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

2) ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്

3) ആസൂത്രണ സമിതി മിനിട്സ് പരിശോധനയിൽ 2023-24 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് ചേർന്നത് എന്ന് കാണുന്നു. പ്രസ്തുത യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ല.

4) പദ്ധതി മാർഗരേഖ ഖണ്ഡിക 3.1.2(എ) പ്രകാരം ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കാവുന്നതാണ്. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടില്ല.

5) ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾ എല്ലാപേരും ഒപ്പു രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. കൂടാതെ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 4.01.23 ലെയും 12.01.23 ലെയും യോഗതീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. പട്ടിക ജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെയും 4.01.23 ലെയും 12.01.23 ലെയും യോഗതീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

6) ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല എന്ന് കാണുന്നു.

7) സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗിന്റെ രേഖകൾ ലഭ്യമല്ല.

8) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമസഭ മിനിട്സ് പരിശോധനയിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

9) മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

10) മാർഗ്ഗരേഖ 3.5.6.3 (ബി) (1)- (12) പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

11) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

12) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

പദ്ധതി വിഹിതം ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക പദ്ധതി വിഹിതത്തിലൂടെ ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 556200 | 45 |
| വിധവ പെൻഷൻ | 10220500 | 1004 |
| വാർദ്ധക്യകാല പെൻഷൻ | 19650800 | 2050 |
| വികലാംഗ പെൻഷൻ | 2957800 | 274 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 90000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 360000 | 33 |

## 1-6-1 മരണശേഷവും സാമൂഹ്യ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2023-24 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | സ്റ്റാറ്റസ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | 102390203830 | സത്യശീലൻ പിള്ള | 14.12.2022 | വാർദ്ധക്യ കാല പെൻഷൻ | 01/2023 മുതൽ 06/2023 വരെ | സസ്പെൻഡ് | 9600 ( 1600x 6) |
| 2 | 102300201526 | പൊന്നമ്മ അമ്മ | 29.07.2023 | വാർദ്ധക്യ കാല പെൻഷൻ | 08/2023മുതൽ 11/2023 | സസ്പെൻഡ് | 6400 (1600X 4) |
| 3 | 102300201799 | അപ്പുകുട്ടൻ ഉണ്ണിത്താൻ | 09.08.2023 | വാർദ്ധക്യ കാല പെൻഷൻ | 09/2023മുതൽ 11/2023 | സസ്പെൻഡ് | 4800 (1600x 3) |
| 4 | 102300200025 | ശങ്കരി | 28.10.2022 | വാർദ്ധക്യ കാല പെൻഷൻ | 11/2022 മുതൽ 06/2023 | സസ്പെൻഡ് | 12,800 (1600x8) |
| 5 | 102300201518 | സുകുമാരൻ | 16.02.2023 | വാർദ്ധക്യ കാല പെൻഷൻ | 03/2023 മുതൽ 06/2023 | സസ്പെൻഡ് | 6400 (1600 X4 ) |
| 6 | 103590602126 | പാത്തുമുത്ത് | 08.12.2023 | വാർദ്ധക്യ കാല പെൻഷൻ | 01/2024 മുതൽ 02/2024 | ആക്ടീവ് | 3200 (1600 X 2) |

മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 24/22.08.2024) മറുപടിയായി ക്രമ നമ്പർ (2) മുതൽ (5) വരെയുള്ള മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നും ക്രമ നമ്പർ (1) സത്യശീലൻ പിള്ള, (6) പാത്തുമുത്ത് എന്നിവർ യഥാക്രമം പുളിമാത്ത്, ഇളമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള പെൻഷൻ ഗുണഭോക്താക്കളാണെന്നും അവരുടെ പെൻഷൻ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അതാത് ഗ്രാമപഞ്ചായത്തുകളിൽ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

മരണശേഷം അനുവദിച്ച തുക തിരികെ ഈടാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2024, 4.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,268/- (മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 22/22.08.2024) ലഭ്യമാക്കിയ മറുപടിയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓഫീസ് ഓർഡർ മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2) സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

3) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

4) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

5) ജീവനക്കാരുടെ എല്ലാവരുടെയും ശമ്പള നിർണ്ണയ അംഗീകാരം വാങ്ങിയിട്ടുണ്ട്.

6) പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

7) കാഷ്യൽ ലീവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

8) മൂവ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

9) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

10) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ എടുത്തിട്ടുണ്ട്. എല്ലാത്തരം റിക്കവറികളും എല്ലാ മാസവും 5-ാം തീയതിക്കകം ഒടുക്കു വരുത്തുന്നുണ്ട്.

11) കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങൾ നടപ്പാക്കുന്നത്.

12) അക്കൗണ്ടുകൾ എല്ലാ മാസവും കൃത്യമായി നടത്തി സെക്രട്ടറി/ അക്കൗണ്ടന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

13) പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുകയും, അപേക്ഷകന് യഥാസമയം മറുപടി നൽകുകയും ചെയ്യുന്നുണ്ട്.

14) സാങ്കേതിക വിഭാഗത്തിന് പരിശോധനയ്ക്ക് നൽകുന്ന ഫയലുകൾ 7 ദിവസത്തിനകം പരിശോധിച്ച് ലഭ്യമാക്കുന്നുണ്ട്.

15) പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട്.

16) മരണപ്പെടുന്നവരെ യഥാസമയം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഏതാനും പേരുടെ അക്കൗണ്ടുകളിലേയ്ക്ക് മരണ ശേഷവും പെൻഷൻ നല്കിയിട്ടുണ്ട്.

17) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | | | | | പാസ് ബുക്ക് പ്രകാരം | ബി- 4 ഷെഡ്യൂൾ പ്രകാരം |
| ഭരണചെലവുകൾ | 2422 | 950195* | 952617 | 943438** | 9179*** | 60 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26786772 | 26786772 | 26786772 | 0 | |
| **ആകെ** | **2422** | **27736967** | **27739389** | **27730210** | **9179** | **60** |

* ഭരണചെലവുകൾക്കുള്ള തുകയായ 9,41,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നേരിട്ട് ക്രെഡിറ്റ് ആയത് മൂലം RP-30 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. അപാകം ഉപഖണ്ഡിക ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
**അഡ്മിൻ ചെലവുകൾക്കായി ലഭിച്ച 9,41,000/- രൂപ തനത് ഫണ്ടിൽ നേരിട്ട് ക്രെഡിറ്റ് ആയതിനാൽ ടി തുക അഡ്വാൻസ് ഇനത്തിൽ ക്രമീകരിച്ചതും I-14 (F) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

*** 31.03.2024 -ൽ Issue ചെയ്ത 700036നമ്പർ ചെക്ക് പണമാക്കാത്തതതാണ് വ്യത്യസത്തിന് കാരണം. പാസ് ബുക്ക്, B-4 ഷെഡ്യൂൾ എന്നിവ പ്രകാരമുള്ള വ്യത്യസമായ 9119/- രൂപ Cheque Issued But Not Presented To Bank ആണ്.

## 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

MGNREGS ഭരണ ആവശ്യങ്ങൾക്കായുള്ള ഫണ്ട് 941000/- രൂപ 02.12.2023 തീയതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ( അക്കൗണ്ട് നം. 67005962308) ക്രെഡിറ്റ് ആയിട്ടുണ്ട്. ഹെഡ് കോഡ് 460100199 - Other Advances ലെഡ്ജർ പരിശോധിച്ചതിൽ രസീത് നം. 1230000269 തീയതി 31.03.2024 പ്രകാരം പ്രസ്തുത തുക വരവായി ചേർത്തതായും , ജേണൽ എൻട്രി മുഖേന 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative

Expense ഹെഡിലേയ്ക്ക് ക്രമീകരിച്ചതായും വ്യക്തമായിട്ടുണ്ട്.

SNA -REAT Module പ്രകാരം NREGA Soft – ൽ നിന്നും തനത് ഫണ്ടിൽ നിന്നും ചെലവായ അഡ്മിൻ, മെറ്റീരിയൽ എന്നീ തുകകൾ റീക്ലപ്പ് ചെയ്യാൻ അഡ്മിൻ, മെറ്റീരിയൽ വെണ്ടർമാർക്ക് പ്രത്യേകം പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂവെന്നതിനാൽ അഡ്മിൻ, മെറ്റീരിയൽ എന്നിവയ്ക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ച് NREGA Soft – ൽ വെണ്ടർ അക്കൗണ്ട് ആയി മാപ്പ് ചെയ്യുകയും തനത് ഫണ്ടിൽ നിന്നും ചെലവായ തുക ബന്ധപ്പെട്ട വെണ്ടർ അക്കൗണ്ട് മുഖേന റീക്ലപ്പ് ചെയ്യേണ്ടതുമാണെന്ന് MGNREGS മിഷൻ ഡയറക്ടറുടെ 07/05/2022 ലെ NREGA/94/2022 -E2 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു നിർദ്ദേശം ഉണ്ടായിരുന്നിട്ടും അഡ്മിൻ ഫണ്ട് നേരിട്ട് തനത് ഫണ്ടിൽ ക്രെഡിറ്റ് ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (55/29.08.2024) മറുപടിയായി മിഷൻ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം MGNREGS ഭരണ ആവശ്യങ്ങൾക്കായുള്ള SBI (A/c No. 67061858880) അക്കൗണ്ട് മെറ്റീരിയൽ വെണ്ടർ അക്കൗണ്ടായും, പഞ്ചായത്തിന്റെ തനത് അക്കൗണ്ട് (അക്കൗണ്ട് നം. 67005962308) അഡ്മിനിസ്ട്രേറ്റീവ് വെണ്ടർ അക്കൗണ്ടായും രജിസ്റ്റർ ചെയ്തതായി മറുപടി ലഭ്യമാക്കി.

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് അഡ്മിനിസ്ട്രേറ്റീവ് വെണ്ടർ അക്കൗണ്ടായി രജിസ്റ്റർ ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇപ്രകാരം അഡ്മിൻ ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുകയാണെങ്കിൽ ടി ഫണ്ടിന് ലഭിക്കുന്ന പലിശ പഞ്ചായത്തിന്റെ തനത് ഫണ്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. മിഷൻ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം അഡ്മിൻ, മെറ്റീരിയൽ തുകകൾ റീക്ലപ്പ് ചെയ്യാൻ അഡ്മിൻ, മെറ്റീരിയൽ വെണ്ടർമാർക്ക് പ്രത്യേകം പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തേണ്ടതും ഭരണചെലവുകൾക്കായുള്ള തുക അഡ്മിൻ അക്കൗണ്ടിലാണ് ക്രെഡിറ്റ് ആകുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.11.2021 | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2024 മുതൽ 16.03.2024 വരെ | 2023-24 | 04.05.2024 |

## 1-11 തനത് വരുമാനം- പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 54447 |
| 431100102 | Receivables For Property Tax On Residential Buildings (Arrear) | 96371 |
| 431100103 | Receivables For Property Tax On Non Residential Buildings (Current) | 2031493 |
| 431100104 | Receivables For Property Tax On Non Residential Buildings (Arrear) | 7835762 |
| 431400102 | Rent Receivables From Buildings (Arrears) | 4599 |

പ്രസ്തുത കുടിശ്ശിക 2022-23 മുതൽ നിലനിൽക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/21-08-2024) അടിയന്തിരമായി ഓൺലൈൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത തുകകൾ ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ട സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

### 1-12-1 റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/21-08-2024) 2024-25 വർഷം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് റേഷൻ ഷോപ്പ് ഉടമകൾക്ക് നൽകുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വരും വർഷങ്ങളിൽ റേഷൻ ഷോപ്പുകളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204, 205 എന്നിവ അനുശാസിക്കും പ്രകാരമുള്ള തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/21-08-2024) സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂൾ/കോളേജ് ജീവനക്കാർ തുടങ്ങിയവരുടെ ഡേറ്റാ ബേസ് മാത്രമേ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ളൂ എന്നും മറ്റ് വിഭാഗങ്ങളുടെ വിശദാംശങ്ങൾ 2024-25 മുതൽ എഴുതി സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ ചട്ട പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരുടെയും ഡേറ്റാബേസ് തയ്യാറാക്കേണ്ടതും നികുതി കൃത്യമായി ഈടാക്കേണ്ടതുമാണ്.

## 1-12-3 സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2023-24 വർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത/രജിസ്ട്രേഷൻ പുതുക്കിയ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു. ടി സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മദർ ക്ലിനിക്കൽ ലാബോറട്ടറി |
| 2 | Dr.Ajay (ദന്തൽ ക്ലിനിക്) |
| 3 | ഡോ സൗമിസ് ആയുർ മെഡിസിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/22-08-2024) പ്രസ്തുത സ്ഥാപനങ്ങൾ 2023-24 വർഷം തൊഴിൽ നികുതി അടവാക്കിയില്ലെന്നും 2024-25 ന്റെ തൊഴിൽ നികുതി അടയ്ക്കാനുള്ള ഡിമാന്റ് നോട്ടീസ് നൽകി പിഴ ഉൾപ്പെടെ അടയ്ക്കുവാനുള്ള നടപടി എടുക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം- തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരവും ഇത്തരം ടൂറിസം കേന്ദ്രങ്ങളിൽ നിന്നും വരുമാനം ഉറപ്പ് വരുത്തുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി സംബന്ധമായ മുഴുവൻ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/21-08-2024) ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും വിഭവ ശേഷിയും കണക്കിലെടുത്ത് മുൻ വർഷങ്ങളിൽ പ്രസ്തുത പ്രോജക്ട്

ഏറ്റെടുത്തിട്ടില്ലെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കൂടാതെ നിലവിൽ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ (മുടിയക്കോട്) പുത്തൻകടവിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടക്കുന്ന ബോട്ട് ജെട്ടിയുടെ നിർമ്മാണം പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ നിന്നും വരുമാനം ഉറപ്പ് വരുത്തുന്ന രീതിയിലും ശുചിത്വ മാലിന്യ നിർമ്മാർജ്ജ സംവിധാനങ്ങൾ പ്രാദേശിക വികസനം സാധ്യമാകുന്ന തരത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്മേൽ സത്വര തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ- നപടിക്രമങ്ങളിലെ വീഴ്ച

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 ജിംനേഷ്യങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01-08-2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 3 ജിംനേഷ്യങ്ങൾക്ക് പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ ഇവയ്ക്ക് ലൈസൻസ് എടുത്തിട്ടില്ലെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21-08-2024) സെക്രട്ടറി മറുപടി നൽകി. 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുക്കുന്നതിന് പ്രസ്തുത ജിംനേഷ്യം നടത്തിപ്പുകാർക്ക് നോട്ടീസ് നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ എൽഎസ് ജിഡി-ആർഡി1/47/2022 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

### 1-14-2 ട്രേഡേഴ്സ് ലിസ്റ്റ്- തൻവർഷത്തെയും മുൻവർഷത്തെയും വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല

2022-23, 2023-24 വർഷങ്ങളിലെ ട്രേഡേഴ്സ് ലിസ്റ്റിന്റെ പരിശോധയിൽ ഭൂരിഭാഗം വാർഡുകളിലും മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള വാണിജ്യ സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| വാർഡ് നമ്പർ | 2022-23 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 2023-24 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 41 | 26 |
| 2 | 89 | 82 |
| 5 | 6 | 4 |
| 6 | 10 | 9 |
| 7 | 26 | 18 |
| 8 | 33 | 27 |
| 9 | 30 | 19 |
| 10 | 19 | 12 |
| 11 | 15 | 6 |
| 12 | 9 | 4 |
| 13 | 10 | 9 |
| 14 | 19 | 3 |
| **ആകെ** | **307** | **219** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21-08-2024) ലൈസൻസ് ഫീസ് വർദ്ധിച്ചതിനാൽ ചെറിയ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ടെന്നും ലൈസൻസ് എടുക്കാത്ത വ്യാപാര സ്ഥാപനങ്ങൾ ഹരിത കർമ്മ സേന മുഖേന കണ്ടെത്തി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത്

പരിസരത്ത് മുൻകൂർ അനുമതി ലഭിക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതിനാൽ എല്ലാ വ്യാപാര/ഫാക്ടറി/സംരംഭക സ്ഥാപനങ്ങളും ലൈൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-14-3 ലൈസൻസ് നേടിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം - സഞ്ചയ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1011 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 67 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 33 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 2 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 9 |
| | ആകെ | 1126 |

എന്നാൽ 262 സ്ഥാപനങ്ങൾക്ക് മാത്രമേ 2023-24 വർഷം ലൈസൻസ് നൽകിയിട്ടുള്ളൂ. പ്രസ്തുത അപാകത ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഖണ്ഡിക 1-12 ആയി പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/21-08-2024) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഹരിത കർമ്മ സേനയുടെ സഹായത്താൽ കണ്ടെത്തി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. വിശദമായ ഫീൽഡ് തല പരിശോധന ഇക്കാര്യത്തിൽ നടത്തി ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും ഗ്രാമപഞ്ചാത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-14-4 മൂലധന നിക്ഷേപം, കാറ്റഗറി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 സ.ഉ.(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം ലൈസൻസ് എടുത്ത ഭൂരിഭാഗം സ്ഥാപനങ്ങളുടെയും അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ മൂലധനനിക്ഷേപം എത്രയാണെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | വാർഡ് നമ്പർ, കെട്ടിട നമ്പർ | ഫയൽ നമ്പർ, തീയതി നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| പ്രഭാകരൻ.കെ, പ്രീജ നിവാസ് | 1/190 | JC2/2721 10-07-2023 | പലചരക്ക് വ്യാപാരം |
| ഹരിലാൽ, കാട്ടുവിള വീട് | 1/438 | JC2/2716 10-07-2023 | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് |
| ജെനി.ജെ.എസ്, | 111/346 | JC2/2673 | ജ്യൂസ് ഷോപ്പ് |

| | | | |
|---|---|---|---|
| കൃഷ്ണകൃപ | | 05-07-2023 | |
| അനിൽകുമാർ.എസ് ശ്രീവർഷ | II/202 E | JC2/2639/23 03-07-2023 | ഹോളോബ്രിക്സ് നിർമ്മാണം |
| ഷാൻ.പി ഷാൻ നിവാസ് | VII/41 | JC2/2595 01-07-2023 | സാമിൽ |
| അൻസർ, പള്ളിക്കിഴക്കതിൽ | 11/16E | JC2/2410 16-06-2023 | വിവാഹ ആവശ്യത്തിനുള്ള സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് |
| ഗിരിജ.എസ് പഞ്ചമി നിവാസ് | XI/437 | JC2/1388/23 31-03-2023 | ധാന്യങ്ങൽ പൊടിച്ച് വിതരണം ചെയ്യുന്നത് സംബന്ധിച്ച് |
| അനന്തു കൃഷ്ണൻ, ഗോകുലം | VIII/312 | JC2/2305/23 05-06-2023 | അക്വേറിയം |
| നവാസ്.എം കുന്നുംപുറത്ത് വീട് | II/102 A | JC2/2196/23 31-05-2023 | ബേക്കറി |
| രമണി, രമണീയം | IX/16 | JC2/1904 17-05-2023 | തയ്യൽക്കട |
| ശ്യാംകുമാർ.എസ്, തെക്കതിൽ | II/70 B | JC2/1883/23 | പ്രൊവിഷൻ സ്റ്റോർ |
| നിസാമുദ്ദീൻ,കെ ദാറുൽ ഹിദായ | II/125 F | JC2-1034 14-03-2024 | സ്റ്റേഷനറി |
| നവാസ്, അംജിത മൻസിൽ | III/288 M | JC2-1341/23 30-03-2023 | ഫാൻസി |
| പ്രദീപ്.എസ്. ഗൗരി നിവാസ് | II/538, 540 | JC2-1358/29 30-03-2023 | ഹാർഡ് വെയർ |
| സുമപ്രസാദ്, സരോജിനി ഭവൻ | VIII/152 A | JC2/1139/23 18-03-2023 | ബേക്കറി |
| വി.സുദേവൻ നായർ | III/226 | JC2/777 27-02-2023 | പലചരക്ക് വ്യാപാരം |
| എസ്.കമറുദ്ദീൻ | 1/47 E | JC2/1298 28-03-2023 | ഡയറി ഉൽപ്പന്നങ്ങൾ |

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/23-08-2024) വരും വർഷങ്ങളിൽ മൂലധന നിക്ഷേപം എത്രയാണെന്നും മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെയുള്ള തരം രേഖപ്പെടുത്തിയും ഉള്ള അപേക്ഷകളിന്മേൽ മാത്രം ഇനി മുതൽ ലൈസൻസ് അനുവദിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അപ്രകാരം മാത്രം ലൈസൻസ് അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ശാസ്ത്രീയമായ അറവ് ശാല സ്ഥാപിക്കൽ- കോടതി ഉത്തരവ്, സർക്കാർ നിർദ്ദേശം എന്നിവ നടപ്പിലായില്ല

17.09.2009-ലെ 1173/ഡി.ബി.2/09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 8) പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം

കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-08-2009 ലെ WPC(no) 13805 Of 2004, 37093 Of 2004, 7000 Of 2005 എന്നീ വിധിന്യായങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറവുശാലകൾ സ്ഥാപിക്കാൻ നടപടിയെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21-08-2024) ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയ അറവ് ശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. ഹൈക്കോടതി വിധിയുടെയും സർക്കാർ സർക്കുലറിലെയും നിർദ്ദേശം പാലിക്കാൻ തുടർ നപടി കൈക്കൊള്ളാവുന്നതാണ്

## 1-16 വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ- സ്ഥിതി വിവരകണക്കുകൾ പൊരുത്തപ്പെടുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1200 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം (2023-24) ആകെ 38 വളർത്തു നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ 2022-23 വർഷം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 328 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. മേൽ വിവരിച്ച സ്ഥിതി വിവരണക്കണക്കുകൾ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22-08-2024) വർക്കല ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ചെറുന്നിയൂർ വെറ്റിനറി ആശുപത്രിയിൽ മുൻ വർഷങ്ങളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഉൾപ്പെടെ വാക്സിനേഷന് കൊണ്ടു വന്ന നായ്ക്കളുടെ എണ്ണമാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ തെറ്റായി രേഖപ്പെടുത്തിയതെന്നും വരും വർഷങ്ങളിൽ ഇത് തുടർന്ന പോവുകയാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. കൂടാതെ വരും വർഷങ്ങളിൽ പഞ്ചായത്തിലെ വളർത്തുനായകളുടെ എണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായി രേഖപ്പെടുത്തുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് കൃത്യമായി പാലിക്കേണ്ടതാണ്.

## 1-17 കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/21-08-2024) നിലവിൽ ഇപ്രകാരം രജിസ്റ്റർ പ്രത്യേമായി സൂക്ഷിച്ചു വരുന്നില്ലെന്നും വരും വർഷങ്ങളിൽ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-18 പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീത് ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIA യിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സൈറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. 2023-24 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകൾ അപാകതയുണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതായി രേഖപ്പെടുത്താതെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി.ഉദാ.ചുവടെ ചേർക്കുന്നു.

| പെർമിറ്റ് ഫയൽ | അപേക്ഷ സമർപ്പിച്ച തിയതി | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|

| | | |
|---|---|---|
| A5-BA(71446)/2024 | 24/01/2024 | 26/02/2024 |

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 51/27-08-2024) സാങ്കേതിക വിഭാഗത്തിലെ ജീവനക്കാരുടെ ഒഴിവ് കാരണം യഥാസമയം എൻക്വയറി റിപ്പോർട്ട് ലഭിക്കാൻ താമസം നേരിട്ടതിനാലാണ് പെർമിറ്റ് യഥാസമയം നൽകാൻ സാധിക്കാതിരുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്.

## 1-19 വസ്തു നികതി- നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികതി നിർണ്ണയം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

### 1-19-1 പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തികരിച്ച് നമ്പർ നേടിയശേഷം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗക്രമത്തിലും, വിസ്തീർണത്തിലും വരുത്തുന്ന മാറ്റങ്ങൾ തടയുന്നതിനായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21-08-2024) നിലവിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ലെന്നും പ്രസ്തുത സർക്കാർ നിർദ്ദേശം പാലിക്കാൻ വിവരശേഖരണം നടത്തി കെട്ടിങ്ങളുടെ വിവരം സംബന്ധിച്ച വിവരങ്ങൾ കാലികമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത വിഷയം 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-18 ലും പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-19-2 വസ്തു നികുതി ഒഴിവാക്കിയ വിമുക്ത ഭടൻമാരുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സ.ഉ.(കൈ) നം.140/2023/LSGD തീയതി 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ (നിലവിൽ അഞ്ച് വർഷത്തിലൊരിക്കൽ) മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തുനികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 09/21-08-2024 നുള്ള മറുപടി). വരും വർഷങ്ങളിൽ പ്രസ്തുത രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

### 1-19-3 ഡാറ്റാ പ്യൂരിഫിക്കേഷൻ- നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചാത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഡേറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല. സഞ്ചയ പ്രകാരം ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ 11 കെട്ടിടങ്ങളുടെ ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ലെന്ന് കാണുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Ayanthy | 900 | 1 | 899 | 0 | 899 | 0 | 899 | 1 |
| 2 | ( 2 ) Palachira | 1145 | 0 | 1145 | 0 | 1145 | 1 | 1144 | 1 |
| 3 | ( 3 ) Vadaserikonam | 561 | 0 | 561 | 0 | 561 | 0 | 561 | 0 |
| 4 | ( 4 ) Thettikulam | 603 | 0 | 603 | 0 | 603 | 0 | 603 | 0 |
| 5 | ( 5 ) Nellettil | 540 | 1 | 539 | 0 | 539 | 0 | 539 | 1 |
| 6 | ( 6 ) | 744 | 0 | 744 | 0 | 744 | 0 | 744 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Achummamukk | | | | | | | |
| 7 | ( 7 ) Dalavapuram | 1015 | 0 | 1015 | 0 | 1015 | 1 | 1014 | 1 |
| 8 | ( 8 ) Cherunniyoor | 834 | 1 | 833 | 0 | 833 | 0 | 833 | 1 |
| 9 | ( 9 ) Chakkapoika | 773 | 0 | 773 | 0 | 773 | 0 | 773 | 0 |
| 10 | ( 10 ) Mudiyacode | 895 | 0 | 895 | 0 | 895 | 2 | 893 | 2 |
| 11 | ( 11 ) Thannimood | 776 | 0 | 776 | 0 | 776 | 0 | 776 | 0 |
| 12 | ( 12 ) Vennicode | 755 | 2 | 753 | 0 | 753 | 0 | 753 | 2 |
| 13 | ( 13 ) Cutting | 645 | 0 | 645 | 0 | 645 | 1 | 644 | 1 |
| 14 | ( 14 ) Kallumalakkunnu | 579 | 0 | 579 | 0 | 579 | 1 | 578 | 1 |
| | Total | 10765 | 5 | 10760 | 0 | 10760 | 6 | 10754 | 11 |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/23-08-2024) നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിൽ Data Purification Process Enabled അല്ലെന്നും ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് Data Purification Process Enable ആകുന്ന മുറയ്ക്ക് എല്ലാ കെട്ടിടങ്ങളും Purify ചെയ്യുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത നടപടിക്രമം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19-4 അടിസ്ഥാന വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഭരണസമിതിയുടെ 29-04-2023 ലെ 5 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ അംഗീകരിക്കുകയും, 12.10.2023 തീയതി ജെ.സി1/2650/2023 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

അന്തിമ വിജ്ഞാപനത്തിന് മുൻപ് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് (01.04.2023 മുതൽ 06.09.2023) പരിഷ്കരിച്ച നികുതി ഈടാക്കിയിട്ടില്ല. കൂടാതെ ചില കെട്ടിടങ്ങൾക്ക് വിജ്ഞാപനം ചെയ്ത നിരക്ക് അല്ല ഈടാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ 1, 2 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ, കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണ്ണം ($M^2$) | Signed Date | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| 1/15 C | പാർപ്പിടാവശ്യം | 126.06 | 22/07/2023 | 6 | 7 |
| 1/15 D | പാർപ്പിടാവശ്യം | 103.39 | 24/08/2023 | 6 | 7 |
| 1/315 D | പാർപ്പിടാവശ്യം | 145.21 | 29/11/2023 | 6 | 7 |
| 2/437 C | പാർപ്പിടാവശ്യം | 71.9 | 23/05/2023 | 6 | 7 |
| 2/81 E | വാണിജ്യാവശ്യം | 60.48 | 06/05/2023 | 60 | 52 (*) |
| 2/81 F | വാണിജ്യാവശ്യം | 60.48 | 06/05/2023 | 60 | 52 (*) |
| 2/199 B | വാണിജ്യാവശ്യം | 288.52 | 25/08/2023 | 60 | 62 |

(*) ഗ്രാമപഞ്ചായത്തിന്റെ എ.സി.2/1882/2023 നമ്പർ വിജ്ഞാപന പ്രകാരം 52 രൂപയാണ് 100 ചതുരശ്രമീറ്ററിന് താഴെയുള്ള വാണിജ്യ സ്ഥാപനത്തിന് ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നികുതി.

മേൽ അപാകയയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/14-08-2024) സാങ്കേതിക പ്രശ്നങ്ങൾ കാരണം സഞ്ചയയിൽ Updation വരാത്തതുമൂലം സംഭവിച്ച ന്യൂനതയാണിതെന്നും എൻക്വയറിയിൽ സൂചിപ്പിച്ചിട്ടുള്ളതും സഞ്ചയയിൽ കണ്ടെത്തുന്നതുമായ എല്ലാ കെട്ടിടങ്ങളുടെയും

കുടിശ്ശിക ഈടാക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകിരിക്കുന്നതാണെന്ന് സെക്രടറി മറുപടി ലഭ്യമാക്കി. പ്രസ്തുത അപാകത പരിഹരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-19-5 വസ്തു നികുതി പരിഷ്കരണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി |
|---|---|
| വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ 31.03.2023 -നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണ് | സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതി വരുത്താത്തതിനാൽ നോട്ടീസ് വിതരണം ചെയ്യാൻ സാധിച്ചില്ല |
| കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണ്. വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ് | വിവരശേഖരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് ഗ്രാമീണ പഠനകേന്ദ്രത്തെ ഏൽപ്പിക്കുന്നതിന് തീരുമാനമെത്തിട്ടുള്ളതും ആയത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതുമാണ്. സോഫ്റ്റ് വെയറിൽ സജ്ജീകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഉടർ നപടികൾ സീകരിക്കുന്നതാണ് |
| വിവരശേഖരണം നടത്തി വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തണം | നിലവിൽ വിവരശേഖരണം നടത്തിയിട്ടില്ല |
| സോഫ്റ്റ് വെയറിൽചേർക്കുന്ന മുറയ്ക്ക് 10%കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ് | വിവരശേഖരണം നടത്തി വിവരങ്ങൾ സോഫ്റ്റ് വെറിൽ എൻട്രി നടത്തിയിട്ടില്ല. ആയതിനാൽ നേരിട്ടുള്ള പരിശോധന നടത്തിയിട്ടില്ല. |

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ നടപടിക്രമങ്ങൾ (സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് ) പൂർത്തീകരിക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണത്തിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനു സൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, 235 ഡബ്ലിയു വകുപ്പുപ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ നിയമാനുസൃതം അല്ലാത്ത കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ പരാമർശിക്കുന്ന കെട്ടിടങ്ങളിൽ മെബൈൽ ടവറുകൾ പ്രവർത്തിക്കുന്നു.

| ക്രമ നം. | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 2/1/UA | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2013-14 മുതലുള്ള കെട്ടിട നികുതി കുടിശ്ശിക നിലനിൽക്കുന്നു |
| 2 | 9/2/UA സൗന്ദര്യ | മൊബൈൽ ടവർ | -- |

| | | | | |
|---|---|---|---|---|
| | | രാജൻ | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/21-08-2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 1 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത കെട്ടിട ഉടമ ക്രമവൽക്കരണത്തിന് നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ടിയാനതിരെ Online ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ഡിമാന്റ് നോട്ടീസ് നേരിട്ട് നൽകിയിട്ടുള്ളതാണെന്നും സെക്രട്ടറി മറുപടിയിൽ വിശദീകരിക്കുന്നു. കൂടാതെ ക്രമ നം 2 പ്രകാരമുള്ള കെട്ടിട ഉടമയും ക്രമവൽക്കരണത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കെട്ടിട ഉടമ ക്രവൽക്കരണത്തിന് അപേക്ഷ സമർപ്പിക്കാത്ത പക്ഷം കെട്ടിട ഉടമകൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235 ൽ അനുശാസിക്കുന്ന തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻകൂർ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തികൾ നടക്കുന്നില്ലെന്ന് കൃത്യമായ ഇടവേളകളിലെ സ്ഥലപരിശോധനയിലൂടെ ഉറപ്പ് വരുത്താൻ വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-21 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- നടപടിക്രമങ്ങളിലെ അപാകത

2023-24 വർഷത്തെ സ്വകാര്യ സ്ഥാപനങ്ങളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|
| വി.ആർ ഹോസ്പിറ്റൽ ആന്റ് ഡയബെറ്റിക് സെന്റർ | ലൈസൻസ് പുതുക്കുന്നതിനായാണ് അപേക്ഷ നൽകിയിരിക്കുന്നത് (ഫോറം 5). 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നത് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായാണ്. പ്രസ്തുത സ്ഥാപനം 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട് തുടർന്നും ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ പ്രവർത്തിച്ചാൽ പിഴ ചുമത്തേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/22-08-2024) പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വരും വർഷങ്ങളിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് മാത്രം അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

## 1-22 ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കൽ- പ്രോജക്ട് പൂർത്തീകരിച്ചില്ല - 4,14,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 98/24 |
| പ്രോജക്ടിന്റെ പേര് | ഉപയോഗിക്കാതെയുള്ള പൊതുടാപ്പുകൾ കണ്ടെത്തി നിർത്തലാക്കൽ |
| അടങ്കൽ | 200000 |
| ചെലവ് | 200000 |
| ഫണ്ടിനം | തനത് ഫണ്ട് |
| ബിൽ നമ്പർ | 513/19-03-2024 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കാതെയുള്ള പൊതു ടാപ്പുകൾ കണ്ടെത്തി അവ നിർത്തലാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. സംയുക്ത പരിശോധനയിൽ കണ്ടെത്തുന്ന പൊതുടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി തുക കണക്കാക്കി കേരള വാട്ടർ അതോറിറ്റിയിൽ തുക ഒടുക്ക് വരുത്തുന്നു. ഇതിലേക്കായി കേരള വാട്ടർ

അതോറിറ്റിയോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ 29/02/2024 ലെ എസ്.സി1/4189/2023 നമ്പർ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി 4,14,700/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തു.

പ്രസ്തുത എസ്റ്റിമേറ്റ് ചർച്ച ചെയ്ത 16-03-2024 ലെ ഭരണ സമിതി യോഗം പ്രോജക്ടിൽ വകയിരുത്തി നൽകിയ തുക പര്യാപ്തമല്ലാത്തതിനാൽ ശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറ്റി എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിൻപ്രകാരം 4,14,700/- രൂപ 25-03-2024 ൽ വാട്ടർ അതോറിറ്റിക്ക് കൈമാറി (200000 രൂപ പ്രോജക്ട് തുക + 214700 തനത് ഫണ്ടിൽ നിന്നുള്ള വിഹിതം). എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച കരാറൊന്നും വാട്ടർ അതോറിറ്റിയുമായി ചമച്ചതായി ഫയലിൽ രേഖപ്പെടുത്തലില്ല. 15-06-2024 ലെ എസ്.സി1/4189/2023 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന് പ്രതിമാസം പൊതുടാപ്പകളുടെ വാട്ടർ ചാർജ്ജ് ഇനത്തിലെ ബിൽ തുക 3,22,725/- രൂപ ആണെന്നും ഇക്കാര്യത്തിൽ (പൊതു ടാപ്പുകളുടെ ഡിസ്മാന്റിലിംഗ് സംബന്ധിച്ച്) സത്വര തുടർ നടപടികൈക്കൊള്ളണമെന്നും വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചു. ഇതിന് വാട്ടർ അതോറിറ്റി 18-06-2024 ൽ കെ.ഡബ്യൂ.എ/ഡബ്ല്യൂ.എസ്.എസ്.ഡി.എൻ/വി.എ.കെ /ഡി.ബി.1/ജി.എൽ/105/2022 നമ്പരായി നൽകിയ മറുപടിയിൽ പാർലമെന്റ് തെരഞ്ഞടുപ്പ് സംബന്ധിച്ച പെരുമാറ്റച്ചട്ടം നിലവിൽ നിന്നതിനാൽ 05/06/2024 ൽ മാത്രമാണ് പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചതെന്നും PRICE Software ൽ LMR Updation ചെയ്യാത്തതിനാൽ പ്രവൃത്തിയുടെ Letter Of Acceptance കരാറുകാരന് നൽകാൻ സാധിക്കാത്ത അവസ്ഥയാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/22-08-2024) ലഭ്യമാക്കിയ മറുപടിയിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കിഴിവ് ലഭിച്ച ശേഷമുള്ള കുടിശ്ശിക തുക വാട്ടർ അതോറിറ്റിക്ക് 2024 ഏപ്രിലിൽ അടവ് വരുത്തിയിട്ടുണ്ടെന്നും പൊതുടാപ്പുകൾ ഒഴിവാക്കിയുള്ള പുതിയ ഡിമാന്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വാട്ടർ അതോറ്റിയ്ക്ക് ഇനി (2024 മെയ് മുതൽ) തുക ഒടുക്ക് വരുത്തുകയുള്ളൂ എന്നും സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണമൊന്നും ലഭ്യമാക്കിയില്ല.

ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നിറുത്തലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യപ്പെട്ട മുഴുവൻ തുകയും (4,14,700/- രൂപ) 2024 മാർച്ചിൽ നൽകിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ, ബില്ലുകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നപടി സ്വീകരിക്കേണ്ടതും പ്രോജക്ടിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 ഐ.കെ.എമ്മിന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/24 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം. വിഹിതം അടവാക്കൽ |
| അടങ്കൽ | 1,25,000/- |
| ചെലവ് | 1,07,428/- |
| ബിൽ നമ്പർ | 77/21-07-2023 |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ സോഫ്റ്റ് വേയറുകളിൽ ആവശ്യമായ അപ്‌ഡേഷൻ വരുത്തുന്നതിനും പഞ്ചായത്തിന്റെ ഇ-ഗവേർണൻസ് പ്രവർത്തനങ്ങളിൽ ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായാണ് ഐ.കെ.എമ്മിന് മേൽ പ്രോജക്ട് പ്രകാരം തുക കൈമാറിയത്. എന്നാൽ നാളിതുവരെയും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമമ്മിൽ നിന്നും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/24-08-2024) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിലേക്കായി 14/08/2024 ന് ഐ.കെ.എം എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു എന്നും ആയതിന്റെ മറുപടി ലഭ്യമായിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള തുടർ നപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 വെതർ സ്റ്റേഷൻ സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശം നടപ്പിലായില്ല

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ലെ (സബ്‌സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ) ഖണ്ഡിക 7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാദ്ധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ

വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനും വേണ്ടി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്തിലും ഒരെണ്ണമെങ്കിലും സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണമെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/27-08-2024) ഗ്രാമപഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ ധനശേഷിയും വിഭവശേഷിയും പരിമിതമായതിനാലും ഇതുവരെ ഇപ്രകാരം പ്രോജക്ട് ഏറ്റെടുത്തിട്ടില്ലെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതനുസരിച്ച് വരും വർഷങ്ങളിൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് (വെതർ സ്റ്റേഷൻ) വരും വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

## 1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/23-24 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നമ്പർ | 145/21-08-2023 |

പ്രസ്തുത പ്രോജക്ട് പ്രകാരം 1,50,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 88,106/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 61,894/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/29-08-2024) മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കണം എന്ന് ഹോംകോയിലേക്ക് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും 2024 സെപ്റ്റംബർ 23 ന് മുൻപായി സപ്ലൈ പൂർത്തിയാക്കാം എന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ (ഹോംകോ) മറുപടി ലഭ്യമാക്കിയിരിക്കുന്നു. മരുന്നുകൾ ലഭ്യമാക്കാൻ തുടർനടപടി കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ വാഹനത്തിന്റെ വിശദാംശം VEELS വെബ്സൈറ്റിൽ എൻട്രി വരുത്തിയില്ല.

| | |
|---|---|
| പ്രോജ്ക്ട് നമ്പർ | 28/24 |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 9,00,000/- |
| ചെലവ് | 4,98,855/- |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നമ്പർ | 346/19-12-2023 |
| ഫണ്ടിനം | സി.എഫ്.സി ഗ്രാന്റ് |

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള വാഹനം ജെം പോർട്ടൽ വഴി വാങ്ങി ഹരിത കർമ്മസേനയ്ക്ക് കൈമാറി.

ധനകാര്യ വകുപ്പിന്റെ 22-10-2020ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"- എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വാഹനത്തിന്റെ മാസം തോറും ഉള്ള ഉപഭോഗത്തിന്റെ വിശദാംശവും പ്രസ്തുത വെബ്സൈറ്റിൽ എൻട്രി വരുത്തേണ്ടതാണ്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ വാഹനത്തിന്റെ വിശദാംശവും ഓഫീസ് വാഹനത്തിന്റെ വിശദാംശവും നാളിതുവരെ VEELS വെബ്സൈറ്റിൽ എൻട്രി വരുത്തിയിട്ടില്ലെന്ന് സെക്രട്ടറി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/24-08-2024) മറുപടി ലഭ്യമാക്കി. കൂടാതെ പതിനഞ്ച് ദിവസത്തിനകം പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരം

ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റ്- ലൈൻ എക്സ്റ്റൻഷൻ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 129/24 | |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റിനായി പ്രത്യേകം ലൈൻ ദീർഘിപ്പിക്കൽ | |
| അടങ്കൽ | 1,00,000/- | വികസന ഫണ്ട് ജനറൽ |
| | 1,00,000/- | തനത് ഫണ്ട് |
| ചെലവ് | 99,187/- | |
| ബിൽ നമ്പർ | 384/12-01-2024 | |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ | |
| നിർവ്വഹണം | സെക്രട്ടറി | |

കെ.എസ്.ഇ.ബി യിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെട്ട ശേഷം തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടി തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടിയത്. ഗ്രാമപഞ്ചായത്തിലെ വാർഡ് 8 ൽ (ചെറുന്നിയൂർ) ഏറ ഏല-മാടൻനട റോഡിലെ P/pp-48/9-3, P/pp-48/9-11 എന്നിവയ്ക്കിടയിൽ സ്ട്രീറ്റ് ലൈറ്റിനായി ലൈൻ ദീർഘിപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് എടുത്ത് നൽകാൻ 01/11/2023 ലെ 400202/ഡി.ജി.എ.പി.04/gpo/2022/4128(1) നമ്പർ കത്ത് മുഖാന്തിരം സെക്രട്ടറി പാലച്ചിറ കെ.എസ്.ഇ.ബി എഞ്ചിനീയറോട് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി പാലച്ചിറ അസി.എഞ്ചിനീയർ 08-01-2024 ലെ ഡി.ബി.10/ESPLC/23-24/214 നമ്പർ കത്ത് പ്രകാരം 99187 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി. പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിൽ വിവരിക്കും പ്രകാരം തുക കെ.എസ്.ഇ.ബി യ്ക്ക് നൽകി.

പ്രോജക്ടിൽ കരാറിൽ ഏർപ്പെട്ട ശേഷം തുക ഡെപ്പോസിറ്റ് ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും അപ്രകാരം ചമച്ച കരാറൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല. പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/24-08-2024) പ്രവൃത്തി പൂർത്തീകരിച്ചെന്നും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള തുടർ നപടികൾ കൈക്കൊള്ളേണ്ടതും ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 പ്രോജക്ടിൽ വകയിരുത്തിയിട്ടില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 58/24 | |
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവ് | |
| അടങ്കൽ | 179680 | |
| ചെലവ് | 140990 | |
| ബിൽ നമ്പറുകൾ | 127/14-08-2023 | 22532 |
| | 142/21-08-2023 | 91868 |
| | 186/15-09-2023 | 7600 |
| | 187/15-09-2023 | 5790 |
| | 505/15-03-2023 | 13200 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) | |
| നിർവ്വഹണം | സെക്രട്ടറി | |

പ്രോജക്ട് ഫോറത്തിലെ (ഫോം 3) രേഖപ്പെടുത്തൽ പ്രകാരം പദ്ധതി രൂപീകരണത്തിനാവശ്യമായ നോട്ടീസുകളും ഫോറങ്ങളും പ്രിന്റ് ചെയ്യുന്നതിനും വികസന രേഖ, പദ്ധതി രേഖ എന്നിവ പ്രിന്റ് ചെയ്യുന്നതിനും ഗ്രാമസഭ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കും ടെണ്ടർ ക്ഷണിക്കൽ, മോണിട്ടറിംഗ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങിയവ വഹിക്കുന്നതിനായാണ് പ്രോജക്ട് നടപ്പാക്കുന്നത്. പ്രോജക്ട് ഫോറത്തിലെ E - (പ്രവർത്തനങ്ങളുടെയും ചെലവുകളുടെയും വിശദാംശങ്ങളിലും) യിലും പ്രസ്തുത ആവശ്യങ്ങൾക്കായാണ് വകയിരുത്തൽ നടത്തിയതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബിൽ നമ്പർ 187/15-09-2023 പ്രകാരം ചെറുന്നിയൂർ എഫ്.എച്ച്.സി യിലെ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കുന്നതിന് കുഴൽ കിണറിലെ വെള്ളത്തിന്റെ അളവ്

പരിശോധിച്ച് നൽകുന്നതിനായി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക (5790 രൂപ)അടവാക്കിയിരിക്കുന്നു.

ഇതിലേക്കായി ഉള്ളടക്കം ചെയ്തിരിക്കുന്ന 12-06-2023 ലെ 11(10) നമ്പർ തീരുമാനത്തിലും ഇതിന് വേണ്ട ചെലവ് പ്രോജക്ട് നമ്പർ 58 ൽ നിന്നും വഹിക്കണമെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടില്ല. പദ്ധതി ആസൂത്രണം നിർവ്വഹണം എന്നിവയ്ക്കായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിൽ നിന്നും ഈ ഇനത്തിൽ തുക ചെലവഴിച്ചത് എന്തിനാണ് എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/24-08-2024) 148/24- പി.എച്ച്.സി യിലെ കുഴൽ കിണറിന് പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ഭൂജല വകുപ്പിൽ നിന്നുമുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 1,98,000/- രൂപ ട്രാൻസ്ഫർ ചെയ്യുന്നും എന്നാൽ പ്രസ്തുത പ്രോജക്ടിൽ കുഴൽ കിണറിലെ വെള്ളത്തിന്റെ അളവ് പരിശോധിക്കുന്നതിന് വകയിരുത്തേണ്ട തുക വകയിരുത്താതിരുന്നതിനാൽ ആണ് 58/24 നമ്പർ പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചതെന്നും സെക്രട്ടറി വിശദീകരിക്കുന്നു. വരും വർഷങ്ങളിൽ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് മാത്രം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും എന്തെങ്കിലും ഭേദഗതി ആവശ്യമായി വരുന്ന പക്ഷം പ്രോജക്ട് റിവൈസ് ചെയ്ത് മാത്രം നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-29 പാലിയേറ്റീവ് കെയർ പ്രോജക്ട്- നടപടിക്രമങ്ങളിലെ വീഴ്ച

പാലിയേറ്റീവ് കെയർ പരിചരണ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖയിലെ (സ.ഉ (സാധാ)നം. 553/2019 /തസ്വഭവ തീയതി 07-03-2019) നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി പുനസംഘടിപ്പിച്ചില്ല

പാലിയേറ്റീവ് കെയർ പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയിലെ (സ.ഉ (സാധാ)നം. 553/2019/തസ്വഭവ തീയതി 07-03-2019) ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പ്രസിഡന്റ് ചെയർമാനും ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് ചെയർമാനും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായ ഒരു പതിനാല് അംഗ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുൻപും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. എന്നാൽ പിഎം.സി രജിസ്റ്ററിന്റെ പരിശോധനയിൽ 04/03/2021 ന് ശേഷം പി.എം.സി പുനസംഘടിപ്പിച്ചിട്ടില്ല (04/03/2021 ലെ 13(1) നമ്പർ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/29-08-2024) അടിയന്തിരമായി പി.എം.സി പുനസംഘടിപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഓരോ സാമ്പത്തിക വർഷത്തിന് മുൻപും പി.എം.സി പുനസംഘടിപ്പിക്കേണ്ടതാണ്.

**പാലയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നില്ല**

പാലിയേറ്റീവ് കെയർ പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയിലെ (സ.ഉ (സാധാ)നം. 553/2019/തസ്വഭവ തീയതി 07-03-2019) ഖണ്ഡിക 2.9.2പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരേണ്ടതാണ്. പാലിയേറ്റീവ് പ്രവർത്തനം പി.എം.സി വിലയിരുത്തേണ്ടതും പരിഹാര നടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതുമാണ്. ഓരോ മാസത്തെയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോത്തിൽ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ മൂന്ന് പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് (02/03/2024, 06/12/2023, 21/09/2023). ഇതിൽ 21/09/2023 ൽ ചേർന്ന യോഗത്തിൽ മാത്രമാണ് നാമമാത്രമായെങ്കിലും വരവ് ചെലവ് കണക്ക് അവതരണം നടന്നിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 54/29-08-2024) 2023-24 വർഷം പി.എം.സി മെമ്പർമാർ ഇലക്ഷൻ തിരക്കുകളിലായതിനാലും ജനറൽ ട്രാൻസ്ഫറിൽ മെഡിക്കൽ ഓഫീസർ സ്ഥലം മാറിപ്പോയി പകരം അഡീഷണൽ ചാർജ്ജുള്ള മെഡിക്കൽ ഓഫീസറുടെ കാലയളവിലാണ് മീറ്റിംഗ് കൂടാൻ സാധിക്കാതെ പോയതെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. നിലവിൽ പി.എം.സി യോഗങ്ങൾ കൃത്യമായി നടത്താറുണ്ടെന്നും വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കാറുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പി.എം.സി യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ വരും വർഷങ്ങളിൽ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-30 ഗ്രാമസഭാ യോഗം ചേരുന്നത് സമയനിബന്ധന പാലിക്കുന്നില്ല

2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ച്ചേർക്കുന്നു.

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഗ്രാമസഭാ സംഘാടനത്തിൽ പ്രസ്തുത സമയനിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | 2023-2024 സാമ്പത്തിക വർഷത്തിൽ ഗ്രാമസഭ കൂടിയ തീയതികൾ | |
|---|---|---|
| 1 | 15-06-2023 | 08-12-2023 |
| 2 | 25-06-2023 | 09-12-2023 |
| 3 | തീയതി രേഖപെടുത്തിട്ടില്ല | 13-12-2023 |
| 4 | 19-06-2023 | 12-12-2023 |
| 5 | 20-06-2023 | 11-12-2023 |
| 6 | 21-06-2023 | 12-12-2023 |
| 7 | 22-06-2023 | 08-12-2023 |
| 8 | 18-06-2023 | 09-12-2023 |
| 9 | 18-06-2023 | 09-12-2023 |
| 10 | 23-06-2023 | 13-12-2023 |
| 11 | തീയതി രേഖപെടുത്തിട്ടില്ല | 10-12-2023 |
| 12 | 26-06-2023 | 07-12-2023 |
| 13 | 27-06-2023 | 07-12-2023 |
| 14 | 27-06-2023 | 11-12-2023 |

2) 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശവും ഒരു വാർഡിലും പാലിച്ചിട്ടില്ല.

ഗ്രാമസഭ യോഗം ചേരുന്നതിന് ചട്ടപ്രകാരമുള്ള സമയനിബന്ധന പാലിക്കാത്തത് സംബന്ധിച്ചും ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കത്തതും സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/23.08.2024 ) മറുപടിയായി വരും വർഷങ്ങളിൽ ഗ്രാമസഭകൾ കൃത്യമായി സംഘടിപ്പിക്കുമെന്നും ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുമെന്നും അറിയിച്ചു.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് ഗ്രാമസഭായോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-31 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (50 /2024) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1) ഭൗതിക സാഹചര്യം

| ക്രമ നം. | വിഷയം | എണ്ണം |
|---|---|---|
| 1 | പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 18 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 03 (1 വാടകേതരം) |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 02 |
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 0 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 03 |
| 6 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 0 |
| 7 | ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 0 |

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം എല്ലാ അങ്കണവാടികളിലും കൃത്യമായി ജലസംഭരണികൾ വൃത്തിയാക്കുന്നതായും അറിയിച്ചു.

3) സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 വർഷം

ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

4) അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ, വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-ാംതീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികൾ പ്രവർത്തിക്കുന്ന എല്ലാ കെട്ടിടങ്ങളിലും ഫിറ്റ്നെസ്സ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫിറ്റ്നെസ്സ് ലഭിക്കാത്ത സെന്റർ നമ്പർ 23 നിലവിൽ കാറാത്തല സബ് സെന്ററിലാണ് പ്രവർത്തിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി ഫിറ്റ്നെസ്സ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-32 ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിലെ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S004/2024 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 169300 ( പൊതുവിഭാഗം - 119300)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 50000) |
| ചെലവ് | 158350 ( പൊതുവിഭാഗം - 119300)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 39050) |
| ബിൽ നമ്പർ / തുക | BRN 2301075205690084764б/28.11.2023, തുക 39,050<br>376/08.01.2024, തുക 75,000<br>544/24.03.2024, തുക 44,300 |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് പരിശോധനയിൽ ഗുണഭോക്ത ലിസ്റ്റിൽ ഉൾപെടാത്ത ശ്രീരാഗ് എസ്, മുഹമ്മദ് റാസി എന്നിവർക്ക് 8000/- രൂപ വീതം (ബിൽ നമ്പർ 376/ 08.01.2024 പ്രകാരം) ആനുകൂല്യമായി നൽകിയിട്ടുണ്ട്.

ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (64/2024) മറുപടിയായി മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾ ശാരീരിക വെല്ലുവിളി നേരിടുന്നവരായിട്ടും അവരെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടുത്തിയിട്ടില്ലായിരുന്നുവെന്നും അർഹരായവർക്ക് ആനുകൂല്യം നഷ്ടപെടാതിരിക്കാൻ വേണ്ടിയാണ് സമയോചിതമായി തുക അനുവദിച്ചതെന്നും അറിയിച്ചു. കാലതാമസം കൂടാതെ പഞ്ചായത്ത് കമ്മിറ്റിയിൽ പ്രസ്തുത വിവരം അറിയിച്ച് അർഹരായവരെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടുത്താനുള്ളനടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിലും ഗുണഭോക്തൃ ലിസ്റ്റിലും ഉൾപെടുത്തേണ്ടതാണ്. ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടുത്തി സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S003/2024 |
| പ്രോജക്ടിന്റെ പേര് | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 857200 (പൊതുവിഭാഗം - 497200)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 180000)<br>(ജില്ലാ പഞ്ചായത്ത് വിഹിതം - 180000) |
| ചെലവ് | 738250 (പൊതുവിഭാഗം - 378250)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 180000)<br>(ജില്ലാ പഞ്ചായത്ത് വിഹിതം - 180000) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്ത ലിസ്റ്റിൽ പേര് ഉണ്ടായിട്ടും ചുവടെ ചേർക്കുന്നവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

| പേര് | മേൽവിലാസം | വാർഡ് |
|---|---|---|
| സൂരജ് .എസ് | പണയിൽ വീട്, ചെറുന്നിയൂർ | 9 |
| മേഘ | ചരുവിള | 10 |
| നവഗീത് | പത്മാവതി ഭവൻ, താന്നിമൂട് | 11 |
| മേഘ എസ് | സരോവരം | 13 |
| മെർളിൻ ഇ ഗോമസ് | ഡെനി ഹൗസ്,വെന്നികോട് | 13 |

മേൽ വ്യക്തികൾ അപേക്ഷ സമർപ്പിക്കാത്തത് മൂലമാണ് ആനുകൂല്യം അനുവദിക്കാതിരുന്നത് എന്ന് മറുപടി നൽകി. തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 25.01.2019 ലെ ഡി. എ 1/19/2019 നമ്പർ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹതപ്പെട്ട സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS/CDPO മാർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നുണ്ടെന്ന് ICDS/CDPO മാർ ഉറപ്പു വരുത്തേണ്ടതും, ഇതിന് ജില്ലാ ആസൂത്രണസമിതി മേൽനോട്ടം വഹിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2) ഗുണഭോക്ത ലിസ്റ്റിൽ ഉൾപെടാത്ത വിജയലക്ഷമി . ജെ . വി എന്നയാൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വിദ്യാർത്ഥി മാനസിക വെല്ലുവിളി നേരിടുന്നതായിട്ടും ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടുത്തിയിട്ടില്ലായിരുന്നുവെന്നും അർഹരായവർക്ക് ആനുകൂല്യം നഷ്ടപെടാതിരിക്കാൻ വേണ്ടിയാണ് സമയോചിതമായി തുക അനുവദിച്ചതെന്നും അറിയിച്ചു. കാലതാമസം കൂടാതെ പഞ്ചായത്ത് കമ്മിറ്റിയിൽ പ്രസ്തുത വിവരം അറിയിച്ച് അർഹയെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടുത്താനുള്ളനടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കി.

പദ്ധതിയുടെ ഗുണഭോക്താവിനെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടുത്തി സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 61 /29.08.2024 മറുപടി)

## 1-34 അങ്കണവാടികളുടെ ദൈനം ദിന ചെലവ് വഹിക്കലിൽ അടങ്കൽ തുകയെ അധികരിച്ച് ചെലവഴിച്ചു

സുലേഖ പത്രിക പ്രകാരം അങ്കണവാടികളുടെ ദൈനം ദിന ചെലവുകൾ വഹിക്കൽ (പ്രോജക്ട് നമ്പർ - 81/2024) പ്രോജക്ടിന്റെ അടങ്കൽ തുക 27,866/- രൂപയും ചെലവഴിച്ച തുക 32,381/- രൂപയുമാണ്.

ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 46/20.06.2023 | 1,350 |
| 47/20.06.2023 | 7,971 |
| 48/20.06.2023 | 2,206 |
| 136/20.08.2023 | 2,125 |
| 137/20.08.2023 | 3,200 |
| 139/20.08.2023 | 9,079 |
| 161/25.08.2023 | 1,935 |
| 300/22.11.2023 | 4,515 |
| **ആകെ** | **32,381** |

അടങ്കൽ തുകയെ അധികരിച്ച് ചെലവഴിച്ചതിനെക്കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (58/ 29.08.2024) മറുപടിയായി വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന സമയത്ത് 32,381 /- രൂപ എന്ന നിരക്കിൽ റിവിഷനിൽ ഏറ്റെടുക്കുകയും അടങ്കൽ തുക 27,866 /- രൂപയായി നിജപെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രോജക്ട് റിവിഷനിൽ ഏറ്റെടുത്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി അയക്കുന്ന അവസരത്തിൽ പ്രസ്തുത പ്രോജക്ടിൽ നിന്നും പേയ്മെന്റ് നൽകിയതിന്റെ റിക്വിസിഷൻ നിലവിൽ ഉണ്ടായിരുന്നതും ഫണ്ടിന്റെ ലഭ്യത ഇല്ലായ്മ മൂലം പേയ്മെന്റ് ലിസ്റ്റിലും ഉൾപെട്ടിരുന്നില്ല. എന്നാൽ ഫണ്ട് ലഭ്യമായപ്പോൾ പ്രസ്തുത റിക്വിസിഷൻ അപ്പ്രൂവൽ ആയി പ്രോജക്ട്

എക്സ്പെൻഡിച്ചർ ആയി. അതേസമയം പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിച്ച് അടങ്കൽ തുകയിൽ കുറവ് വരികയും ചെയ്യുകയുണ്ടായി എന്ന് മറുപടി ലഭിച്ചു.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

### 1-35 പശുക്കുട്ടി വിതരണം - ജനറൽ -പദ്ധതിയിലെ അപാകങ്ങൾ - 30,000/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0136/2024 |
| പ്രോജക്ടിന്റെ പേര് | പശുക്കുട്ടി വിതരണം- ജനറൽ |
| അടങ്കൽ | 4,11,000 (പൊതുവിഭാഗം -93,000)<br>(മറ്റുള്ളവ - 3,18,000) |
| ചെലവ് | 42,000 (പൊതുവിഭാഗം - 36,000)<br>(മറ്റുള്ളവ - 6,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നമ്പർ | 56/30.06.2023 തുക 30,000<br>386/ 15.01.2024 തുക 6,000<br>ചെക്ക് നം. - 279604 തുക 6,000 |

2022-2023 സാമ്പത്തിക വർഷത്തിൽ നിർവഹിച്ച 120/2023 പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായി തൻവർഷം നടപ്പാക്കിയ പ്രോജക്ടാണിത്.

തൻവർഷം 6 ഗുണഭോക്താക്കൾക്ക് പശുക്കുട്ടിയെ വിതരണം ചെയ്തു. ഇതിൽ 5 പശുക്കുട്ടികളെ 6000/- രൂപ നിരക്കിൽ ശ്രീ. സോണി ബാബുവിൽ നിന്നും വാങ്ങുകയും ടിയാൾക്ക് 30,000/- രൂപ (ബിൽ നമ്പർ - 56/30.06.2023) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ (ജ്ഞാനാംബിക, അമൃതേശ്വരി, ഹാരിസ്, ഇന്ദിരാമ്മ, സാഹിതാ ബീവി) ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി, വിലയുടെ 50 % ആണ്. എന്നാൽ 5 പശുക്കുട്ടികളെ വാങ്ങുന്നതിനായി ചെലവഴിച്ച 30,000/- രൂപ പൂർണ്ണമായും വികസന ഫണ്ട് ജനറലിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. സോണി ബാബുവിൽ നിന്നും വാങ്ങി ടി 5 വ്യക്തികൾക്ക് വിതരണം ചെയ്ത പശുക്കുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ഫയലിൽ ഉൾപെടുത്തിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (77/02.09.2024) പദ്ധതി നിർവഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും രേഖകൾ ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഒരു പശുകുട്ടിയുടെ വില 6000/- രൂപയായി നിശ്ചയിച്ച പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം, പശുകുട്ടിയുടെ പ്രായം കണക്കാക്കിയ വെറ്ററിനറി സർജന്റെ റിപ്പോർട്ട്, ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം (3000*5 = 15000/-) ഈടാക്കി വികസന ഫണ്ടിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ 5 പശുക്കുട്ടികൾക്ക് വേണ്ടി ചെലവഴിച്ച 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-36 പശുക്കുട്ടി വിതരണം - എസ്.സി.പി- പദ്ധതിയിലെ അപാകങ്ങൾ - 45,000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0137/2024 |
| പ്രോജക്ടിന്റെ പേര് | പശുക്കുട്ടി വിതരണം- എസ് സി പി |
| അടങ്കൽ | 3,09,000 (എസ് സി പി - 1,98,000)<br>(മറ്റുള്ളവ - 1,11,000) |
| ചെലവ് | 81,000 (എസ് സി പി - 72,000)<br>(മറ്റുള്ളവ - 9,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നമ്പർ | 57 /30.06.2023 (45,000)<br>439 / 01.02.2024 (18,000)<br>551 / 24.03.2024 (9,000) |

| | |
|---|---|
| | ചെക്ക് നം. - 167765/31.03.2024, തുക – 3,000<br>ചെക്ക് നം. -711453/14.02.2024, തുക - 6,000 |

2022-2023 സാമ്പത്തിക വർഷത്തിൽ നിർവഹിച്ച 121/2023 പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തൻവർഷം 8 ഗുണഭോക്താക്കൾക്ക് പശുക്കുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 5 പശുക്കുട്ടികളെ 9000/- രൂപ നിരക്കിൽ ശ്രീ. സോണി ബാബുവിന്റെ പക്കൽ നിന്നും വാങ്ങുകയും, ടിയാന് 45,000/- രൂപ ബിൽ നമ്പർ - 57/30.06.2023 പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 3000/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി അടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | രസീത് നമ്പർ /തീയതി |
|---|---|
| അനിത | 89 / 20789 20.01.2023 |
| ശോഭന | 86 / 20789 20.01.2023 |
| ചന്ദ്രസേനൻ | 90 / 20789 20.01.2023 |
| ലൈല | 87 / 20789 20.01.2023 |
| സുജാത | 88 / 20789 20.01.2023 |

സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3.5 പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് മേൽ പദ്ധതിക്ക് 75%

(പരമാവധി 15,000) രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. ഒരു പശുക്കുട്ടിയുടെ വില 9,000/- രൂപ ആയിരിക്കെ ഗുണഭോക്തൃ വിഹിതമായി അടവാക്കേണ്ടിയിരുന്ന തുക 2250/- രൂപ (25%) ആയിരുന്നു. ഇതിന് പകരമായി ഓരോ ഗുണഭോക്താവിൽ നിന്നും 3000/- രൂപയാണ് ഈടാക്കിയത്.

2) ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടും 5 പശുക്കുട്ടികളെ വാങ്ങുന്നതിനായി ചെലവഴിച്ച 45,000/- രൂപ പൂർണ്ണമായും വികസന ഫണ്ട് എസ്.സി.പി. ഇനത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

3) സോണി ബാബുവിൽ നിന്നും വാങ്ങി 5 വ്യക്തികൾക്ക് (അനിത, ശോഭന, ചന്ദ്രസേനൻ, ലൈല, സുജാത) വിതരണം ചെയ്ത പശുക്കുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉൾപെടുത്തിയിട്ടില്ല.

4) 3 പശുകുട്ടികളെ 12,000/- രൂപ നിരക്കിൽ 3 വ്യക്തികളിൽ നിന്ന് വാങ്ങുകയും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 3000/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഒരേ പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തികൾക്ക് വ്യത്യസ്ത നിരക്കിൽ (9000, 12000) പശുകുട്ടികളെ നൽകിയതിന്റെ കാരണം വ്യക്തമല്ല.

5) വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടതെന്നും, പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പശുക്കുട്ടികളെ വാങ്ങുന്നതിനായി പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങളും, കമ്മിറ്റി മിനിട്ട്സും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (77/02.09.2024) പദ്ധതി നിർവഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും രേഖകൾ ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താക്കൾ അടവാക്കിയ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ 5 പശുക്കുട്ടികളെ വാങ്ങുന്നതിനായുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ 45,000/- രൂപയുടെ ചെലവ് തടസപെടുത്തുന്നു. ഗുണഭോക്തൃ വിഹിതം (11250/- രൂപ) പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ ഗുണഭേക്താക്കളിൽ നിന്നും അധികമായി ഈടാക്കിയ തുക (750/- രൂപ വീതം) തിരികെ നൽകി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-37 പശുക്കുട്ടി വിതരണം പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഈടാക്കിയതിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ട് നമ്പർ 121/23- പശുക്കുട്ടി വിതരണം എസ്.സി, പ്രോജക്ട് നമ്പർ 120/23- പശുക്കുട്ടി വിതരണം ജനറൽ എന്നീ പ്രോജക്ടുകൾ 2023-24 സാമ്പത്തിക വർഷം യഥാക്രമം പ്രോജക്ട് 137/24, 136/24 എന്നിങ്ങനെ സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം ഈടാക്കിയ രസീതുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം നടപ്പാക്കിയ പ്രോജക്ടുകൾക്ക് (121/23, പശുക്കുട്ടി വിതരണം എസ്.സി, 120/23 പശുക്കുട്ടി വിതരണം ജനറൽ) ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും തൻവർഷം തുക ഈടാക്കിയതായി കാണുന്നു. തുക അടവാക്കിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്കാണോ

മുൻവർഷം പശുക്കുട്ടിയെ വിതരണം ചെയ്തത് എന്നതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി | തുക | പ്രോജക്ട് | ഗുണഭോക്താവ് |
|---|---|---|---|---|
| 18/22205 | 11.10.2023 | 3000 | 121/23 പശുക്കുട്ടി വിതരണം എസ്.സി | കവിത, ചരുവിള വീട് |
| 19/22205 | 11.10.2023 | 3000 | | സുജാത, എം.എസ്. നിവാസ് |
| 20/22205 | 11.10.2023 | 3000 | | സോബിഷാ ദാസ്, ചരുവിള വീട് |
| 21/22205 | 11.10.2023 | 3000 | | ഉഷ, ചരുവിള വീട് |
| 26/22205 | 13.10.2023 | 6000 | 120/23 പശുക്കുട്ടി വിതരണം ജനറൽ | സനിത, ശ്രീമംഗലം |
| 27/22205 | 13.10.2023 | 6000 | | ഷീല, നയന നിവാസ് |
| 28/22205 | 13.10.2023 | 6000 | | പ്രസന്ന, അശ്വതി ഭവൻ |
| 29/22205 | 13.10.2023 | 6000 | | സഫീന.ആർ, മൈലമൂട് |
| 30/22205 | 13.10.2023 | 6000 | | അനിത മോഹൻദാസ്, മോഹൻലാന്റ് |
| 31/22205 | 13.10.2023 | 6000 | | ബീന, തിരുവാതിര വീട് |
| 32/22205 | 13.10.2023 | 6000 | | സിന്ധു, പുലിയത്ത് വീട് |
| 33/22205 | 13.10.2023 | 6000 | | ജലീല ബീവി, ഷാഹിർ മൻസിൽ |
| 34/22205 | 13.10.2023 | 6000 | | അൻസി.എസ്, മർഹബ |
| 35/22205 | 13.10.2023 | 6000 | | വസന്ത, പാലവിള |
| 36/22205 | 13.10.2023 | 6000 | | റാണി ജയകുമാർ, റാണി ഭവൻ |
| 37/22205 | 13.10.2023 | 6000 | | സബീന.എസ്, താഹ മൻസിൽ |
| 38/22205 | 13.10.2023 | 6000 | | ബിന്ദു ആന്റണി, എ.എസ്.കോട്ടേജ് |
| 39/22205 | 13.10.2023 | 6000 | | വിജയകുമാരി, വിജയഭവൻ |
| 40/22205 | 13.10.2023 | 6000 | | ദേവകി അമ്മ, ചോപ്പൻ വിള വീട് |
| 41/22205 | 13.10.2023 | 6000 | | ജയശ്രീ, ശ്രീവിലാസം |

2022-23 സാമ്പത്തിക വർഷത്തെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-34, 1-34-1 എന്നിവ പ്രകാരം പശുക്കുട്ടി വിതരണം പ്രോജക്ടുകളിലെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവാക്കാതെ/ ഈടാക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചതിനാൽ ഗുണഭോക്തൃ വിഹിതം ഈടാക്കി പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. മേൽ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (79/02.09.2024) മറുപടിയായി പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതമിനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാത്ത തുക തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതിയ്ക്കായി (SLBP) തൻവർഷം പ്രോജക്ട് നമ്പർ 105/24, 110/24 എന്നീ പദ്ധതികൾ പ്രകാരം തുക വകയിരുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ മേൽ പദ്ധതിയ്ക്കായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28/22.08.2024 മറുപടി)

| വർഷം | | എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക | ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 2018-19 | ജനറൽ | 187500 | 30 | 152406 | 35094 |

| | | | | | |
|---|---|---|---|---|---|
| | പട്ടികജാതി | 93750 | 15 | 69072 | 24678 |
| 2019-20 | ജനറൽ | 187500 | 30 | 174408 | 13092 |
| | പട്ടികജാതി | 75000 | 12 | 54691 | 20309 |
| 2020-21 | ജനറൽ | - | - | - | - |
| | പട്ടികജാതി | - | - | - | - |
| 2021-22 | ജനറൽ | 125000 | 20 | 118108 | 6892 |
| | പട്ടികജാതി | 62500 | 10 | 44177 | 18323 |
| 2022-23 | ജനറൽ | 125000 | 10 | 108469 | 16531 |
| | പട്ടികജാതി (പദ്ധതി പൂർത്തികരിച്ചില്ല) | 625000 | 10 | 57903 | 4597 |

2022-23 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി അവസാനിച്ച ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്ന മേൽ തുകകൾ തിരികെ ലഭ്യമാക്കുകയോ തുടർവർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 ശമ്പളത്തിൽ നിന്നുള്ള കിഴിവുകൾ യഥാസമയം ഒടുക്കുന്നില്ല

ശമ്പളത്തിൽ നിന്നുമുള്ള കിഴിവുകൾ യഥാസമയം ഒടുക്കു വരുത്തുന്നില്ലായെന്ന് വൗച്ചർ പരിശോധനയിൽ ബോധ്യപ്പെട്ടു. മാർച്ച് മാസത്തെ ശമ്പളത്തിൽ നിന്നും കിഴിച്ച പെൻഷൻ കോൺട്രിബ്യൂഷൻ, എസ്.എൽ.ഐ, ജി.ഐ.എസ്, മെഡിസെപ്, KPEPF തുടങ്ങിയവ വിവിധ വൗച്ചറുകൾ പ്രകാരം 23/05/2023 തീയതിയിലാണ് അടവാക്കിയത്. സെപ്റ്റംബർ 2023 ശമ്പളത്തിൽ നിന്നും കിഴിച്ച എൽ.ഐ.സി പ്രീമിയം തുകയായ 6829/- രൂപ വൗച്ചർ നമ്പർ 22300531/14.11.2023 (ചെക്ക് നം. 279510 തീയതി 14.11.2023) പ്രകാരം നവംബറിലാണ് ഒടുക്കിയത്. ഭരണപരമായ കാരണങ്ങളാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 75/02.09.2024 ന്റെ മറുപടി).

ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുകകൾ യഥാസമയം ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-40 മഴക്കാല പൂർവ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല – 21,000/- രൂപ തടസ്സം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 8.3.23 ലെ WM3 38/23 നമ്പർ സർക്കുലർ പ്രകാരം ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട് മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങളിൽ പാലിക്കേണ്ട പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 17.2 പ്രകാരം ഗ്രാമപഞ്ചായത്തിന് വാർഡ് 1 ന് ചെലവഴിക്കാവുന്ന പരമാവധി തുക 30000/- രൂപയാണ് (ശുചിത്വമിഷൻ വിഹിതം 10000/-, എൻ.എച്ച്.എം വിഹിതം 10000/-, തനത് ഫണ്ട് വിഹിതം 10000/-). ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ടി വിഹിതം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതും, ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ വകയിരുത്താവുന്നതുമാണെന്ന് മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം വൗച്ചർ നമ്പർ 22300344/26.08.2023 പ്രകാരം വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ 140000/- രൂപയും (തനത് ഫണ്ടിൽ നിന്നും നൽകേണ്ട തുക), വൗച്ചർ നമ്പർ 22300347/27.08.2023 പ്രകാരം വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ 140000/- രൂപയും (ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ നൽകേണ്ട തുക) ചേർത്ത് ആകെ 280000/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 743063/21.08.2023 പ്രകാരം മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (74/02.09.2024) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മഴക്കാല പൂർവ ശുചീകരണത്തിനായി അനുവദിക്കേണ്ട തുക മൺസൂൺ ആരംഭിച്ചതിന് ശേഷം മാത്രമാണ് അനുവദിച്ചത് (ആഗസ്റ്റ് മാസം). ഇത് പദ്ധതി നിർവഹണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷങ്ങളിൽ ശുചിത്വ മിഷൻ ഗ്രാന്റ് ലഭിച്ചതായി കാണുന്നില്ല. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ ഹെഡ് കോഡ് 320100198 Grant From Suchitwa Mission ഇനത്തിൽ 31.03.2023 വരെ ചെലവഴിക്കാൻ അവശേഷിച്ച ശുചിത്വ മിഷൻ ഗ്രാന്റ് 80,5852 രൂപയാണ്. ഇത്തരത്തിൽ ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ തുക അവശേഷിക്കെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന്റെ കാരണം

വ്യക്തമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

3. ശുചിത്വ മിഷൻ ഗ്രാന്റായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച 140000/- രൂപ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയതിന്റെ വിവരം. കൂടാതെ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശുചിത്വ മിഷനിലേയ്ക്ക് അയച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. മഴക്കാല പൂർവ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസറുടെ പേരിൽ അനുവദിച്ച 280000/- രൂപ അനുവദിച്ചതിൽ വാർഡ് 1, 7,8 വാർഡുകൾ ഒഴികെയുള്ള മറ്റ് 11 വാർഡുകൾ തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കി. വാർഡ് 1, 7, 8 എന്നിവ യഥാക്രമം 12000/- രൂപ, 17000/- രൂപ, 10000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ച 21000/- രൂപ (8000+3000+10000) തടസ്സപ്പെടുത്തുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99 പ്രകാരം മുൻകൂറുകൾ അനുവദിച്ച് മൂന്ന് മാസത്തിനകം ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ക്രമീകരിക്കാത്ത പക്ഷം 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണെന്ന് വ്യകതമാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിച്ച തുക 18 % പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കുന്നത് വരെ 21,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി അനുവദിച്ച -51,790/- രൂപ നിരാകരിക്കുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/03/3024 തീയതിയിലെ എസ്.സി3/1332/2024 തീയതി 26.03.2024 ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് 2021-22, 2023-24 വർഷങ്ങളിലെ 30 ദിവസത്തെ ആർജ്ജിതാവധി (15 ദിവസം വീതം) പണമാക്കി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരൻ/തസ്തിക | ആർജ്ജിതാവധി പണമാക്കിയ തുക | | | വൗച്ചർ നം./തീയതി |
|---|---|---|---|---|---|
| | | 2021-22 | 2023-24 | ആകെ | |
| 1 | നസീം നസീർ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 15730 | 15730 | 31460 | 22301067/31.03.2024 |
| 2 | ഷീന.വി, ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| 3 | സ്വപ്ന അരവിന്ദ്, എ.ഐ.റ്റി.ഐ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| 4 | സന്ധ്യ. എ.ആർ, എ.ഐ.റ്റി.ഐ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| **ആകെ** | | **51790** | **51790** | **103580** | |

വൗച്ചർ നമ്പർ 22200960/31.03.2023 പ്രകാരം മേൽ ജീവനക്കാരുടെ 2022-23 വർഷത്തേയ്ക്കുള്ള ആർജ്ജിതാവധി സറണ്ടർ മുൻ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 30/03/2023 തീയതിയിലെ NREGA/192/2023- D1 സർക്കുലർ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരുടെ കരാർ കാലാവധി 2 വർഷമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കരാർ ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിച്ച 15 ദിവസത്തെ ആർജ്ജിതാവധി അടുത്ത വർഷത്തിലേയ്ക്ക് ക്യാരി ഓവർ ചെയ്യാനും, പരമാവധി 30 ദിവസത്തെ പരിധിക്ക് വിധേയമായി ആർജ്ജിതാവധി സറണ്ടർ ചെയ്യാനും സാധിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി പ്രസ്തുത വർഷം തന്നെ സറണ്ടർ ചെയ്ത സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്ത് പണമാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരുടെ സേവന രേഖ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി പണമാക്കി മാറ്റിയിരുന്നില്ലായെന്നും, 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്ത് പണമാക്കാൻ സാധിക്കില്ല എന്നത് ശ്രദ്ധയിൽ പെട്ടിരുന്നില്ലായെന്നും ആയതിനാലാണ് 30 ദിവസത്തെ ആർജ്ജിതാവധി പണമാക്കി അനുവദിച്ചതെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (72/02.09.2024) മറുപടി ലഭ്യമാക്കി. 2021-22 വർഷത്തെ ആർജ്ജിതാവധി പണമാക്കിയ തുകയായ 51,790/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-42 വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്ക് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ആദ്യ ഗഡു അനുവദിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 140/24 | 20/24 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) (SO) | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) (New) |
| അടങ്കൽ | 450000 | 2100000 |
| ചെലവ് | 375000 | 1875000 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) | |
| നിർവ്വഹണം | വി.ഇ.ഒ. സർക്കിൾ 1 | |

പട്ടിക ജാതി വിഭാഗത്തിൽ പെട്ട വ്യക്തികളുടെ ഭവനപുനരുദ്ധാരണത്തിനായുള്ള മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് (എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്) ഇല്ലാതെയാണ് ഗുണഭോക്താക്കളുമായി ഭവന പുനരുദ്ധാരണത്തിനായി കരാറിൽ ഏർപ്പെട്ട് ഒന്നാം ഗഡു തുക കൈമാറിയിട്ടുള്ളതെന്ന് കാണുന്നു. സബ്സിഡി മാർഗരേഖ (സ.ഉ (കൈ)നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) ഖ.6.7 ക്രമ നം. 4 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ഗുണഭോക്താവിന് തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/22.08.2024) മറുപടിയായി വരുവർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ (എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്) അടിസ്ഥാനത്തിലാണ് ആദ്യ ഗഡു അനുവദിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-43 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം

ലൈഫ് മിഷൻ സർക്കുലർ നമ്പർ.ലൈഫ്/എൽ.എഫ്.2/511/2018 തീ.13.04.2018 പ്രകാരം ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു (40000/-) കൈപ്പറ്റി ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന പദ്ധതിയുടെ ആദ്യ ഗഡു മുൻവർഷങ്ങളിൽ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | വിഭാഗം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ജോൺസൺ, പനവിളാകം, മുടിയക്കോട് | ജനറൽ | 28.10.2021 |
| 2 | മോഹൻദാസ് & ശാന്തി, ചരുവിളവീട്, ചക്കപൊയ്ക, ചെറുന്നിയൂർ | പട്ടികജാതി | 19.09.2022 |
| 3 | അരവിന്ദാക്ഷൻ, കിണറ്റുവിള വീട്, മുടിയക്കോട് | പട്ടികജാതി | 16.02.2023 |
| 4 | സജിത, സജിത നിവാസ്, വടശ്ശേരിക്കോണം | പട്ടികജാതി | 23.03.2021 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (65/22.08.2024) മറുപടിയായി പ്രസ്തുത ഗുണഭോക്താക്കൾക്ക് നേരിട്ടും, കത്ത്, നോട്ടീസ് ഇവ മുഖേനയും ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അറിയിപ്പ് നൽകിയിരുന്നുവെങ്കിലും യാതൊരു വിധ പുരോഗതിയും ഉണ്ടാകാത്തതിനെ തുടർന്ന് ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുമായി ഭരണ സമിതി യോഗതീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-44 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. ഈ നിയമത്തിൻ കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്.ആയതിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ, 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരവും നേരിട്ടും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻക്വയറി നമ്പർ 12/21.08.2024 ന് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി) അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| 2 | ആകെ ജനസംഖ്യ | 18114 |
| 3 | വാസഗൃഹങ്ങളുടെ എണ്ണം | 7341 |
| 4 | സ്ഥാപനങ്ങൾ | 1269 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 14 വാർഡുകളിലായി ആകെ 15 ഹരിതകർമ്മസേന അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്{(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി). കൂടാതെ ഹരിത കർമ്മസേന വാഹനം മുഖനേയുള്ള മാലിന്യ നീക്കം നടത്തുന്നതിനായി ഹരിതകർമ്മസേന അംഗമായ ഡ്രൈവറെയും നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്ഥലപരിമിതി കാരണം 2023-24 വർഷത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള 100 % വാതിൽപ്പടി സേവനം നടപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. {20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം}. കൂടാതെ ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവന നിർദ്ദേശങ്ങൾ 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുമില്ല. ഹരിത കർമ്മ സേനയുടെ സേവനം, ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്(സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീ.12.08.2020, സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ നാളിതുവരെ കരാർ ചമച്ചിട്ടില്ല. ശുചിത്വ മിഷൻ കലണ്ടർ പ്രകാരം ഹരിത കർമ്മസേന മുഖാന്തിരമുള്ള വാതിൽപ്പടി സേവനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിത കർമ്മ സേനയുമായുള്ള കരാർ ചമയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ**

മാലിന്യങ്ങൾ/പാഴ്‌വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി ബാസ്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ലായെന്നും ഇതിനുവേണ്ടി തൻവർഷം പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. പൊതു സ്ഥലങ്ങളിൽ ഇവ തരംതിരിക്കുന്നതിനായി ബിന്നുകളോ മറ്റ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിന് {സ.ഉ.(സാധാ) നം. 1971/2023/LSGD തീ.07.10.2023}ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്**

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി എം.സി.എഫ് ഇല്ല. അമ്പിളിചന്ത മാർക്കറ്റിനുള്ളിലാണ് നിലവിൽ എം.സി.എഫ് താല്ക്കാലികമായി പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിന്റെ സ്ഥലപരിമിതി പഞ്ചായത്തിലെ മാലിന്യ ശേഖരണത്തെ സാരമായി ബാധിക്കുന്നുണ്ട്.



എം.സി.എഫിൽ സ്ഥല പരിമിതി മൂലം നിലവിൽ സോർട്ടിംഗ് ഏരിയ, ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ സ്റ്റോറെജ് ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ RRF എം.സി.എഫ് ആയി ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ച് വരുന്നതായി അറിയിച്ചു. എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ, ഉറപ്പാക്കുന്നതിനാവശ്യമായ സർക്കാർ നിർദ്ദേശപ്രകാരമുള്ള {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**<u>മാലിന്യ ശേഖരണം, മാലിന്യങ്ങൾ നീക്കം ചെയ്യൽ</u>**

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പാണ്ടാസ് ഏജൻസി, കൊല്ലം എന്ന സ്ഥാപനവുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 29454 Kg |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ പാഴ്‌വസ്തുക്കളുടെ അളവ് | 8444kg |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 21010kg |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 32524/- |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | - |

**<u>ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, ഇ വേസ്റ്റുകൾ</u>**

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല (16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള ഇൻസിനിറേറ്ററും ഗ്രാമപഞ്ചായത്ത് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ആപത്കരമായ ഇ വേസ്റ്റുകൾ ശേഖരിക്കുന്നതിനും ആയത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(സാധാ) നം.479/2021/തസ്വഭവ തീ.17.02.2021, സ.ഉ(സാധാ) നം.628/2023/ തസ്വഭവ തീ. 16.03.2023 ) എന്നാൽ ഗ്രാമപഞ്ചായത്ത് മുഖനേ ഇപ്രകാരം ഇ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

**<u>പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ</u>**

പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു(26.04.2023 ലെ G.O.

(Rt) No. 922/2023/LSGD. ഇതിനായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്. ബഹു ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)no.7844/2023(s)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

**ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ**

ഹരിത കർമ്മസേന മുഖാന്തിരമുള്ള വാതിൽപ്പടി സേവനവും യൂസർ ഫീസ് കളക്ഷനും പൂർണ്ണമായും ഹരിതമിത്രം ആപ്പ് മുഖേനയാണ് നടന്നുവരുന്നത്. സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകാത്തതിനാൽ പ്രസ്തുത ഫീസിന് ആനുപാതികമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകി വരുന്നില്ല. ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 21,12,100 |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | - |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 32524/- |

സ.ഉ. (സാധാ) നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000/- രൂപ മാസവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ഉറപ്പാക്കണമെന്ന് നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

**മാലിന്യ ചട്ടങ്ങളുടെ ലംഘനം**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ/കോടതി ഉത്തരവുകളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട് (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം). 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ബൾക്ക് വേസ്റ്റ് ജനറേറ്റർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്ക്വാഡ് പരിശോധന കർശനമായും നടപ്പാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയുന്നതിനാവശ്യമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ബോധവത്കരണം, പ്രചാരണം**

മാലിന്യനിർമ്മാർജനത്തിനായി ബോധവത്കരണം നടത്തുന്നതിനും യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ എന്നിവ മുഖനേയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}. കൂടാതെ സ.ഉ(സാധാ) നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും സമൂഹമാധ്യങ്ങളിൽ ഉൾപ്പടെ ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

**മോണിറ്ററിംഗ്**

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശത്തിന്റെ {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} അടിസ്ഥാനത്തിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം.} എന്നാൽ 2023-24 വർഷം ഇപ്രകാരം മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗ് നടപടികൾ പൂർണമായും ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-45 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം ഗ്രാമ പഞ്ചായത്ത് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്നും പ്രസ്തുത ഉത്തരവ് പ്രകാരം വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല എന്നും വരും വർഷങ്ങളിൽ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിക്ക് (69/31.08.2024) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം 3 പ്രാവശ്യം (16.08.23, 25.10.23, 07.11.23) യോഗം ചേർന്നതായി കാണുന്നു. എന്നാൽ 16.08.23 ലെ മിനിട്സ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ തെരുവുവിളക്ക് സാധനം വാങ്ങൽ (പ്രോ.നം.83/24), തെരുവു വിളക്ക് പരിപാലനം (പ്രോ.നം.82/24) വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ടുകൾ സംബന്ധിച്ചാണ് ചർച്ച ചെയ്തത്. 25.10.23, 07.11.23 എന്നീ തീയതികളിലെ യോഗത്തിൽ പങ്കെടുത്തവരുടെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യോഗതീരുമാനം രേഖപ്പെടുത്തിയിട്ടില്ല. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് അറിയിപ്പ് നൽകുന്നതാണെന്നും തീരുമാനങ്ങൾ ഓരോ കമ്മിറ്റിക്ക് ശേഷവും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും മിനിട്സ് ബുക്ക് തൃപ്തികരമായി പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 ദുരിതാശ്വാസ നിധി - വരവ് ചെലവുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/22.08.2024) ലഭ്യമാക്കിയ മറുപടിയിൽ ദുരിതാശ്വാസ നിധിക്കായി ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൌണ്ട് നമ്പർ - 1107 പ്രകാരം ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. മറുപടിയിൽ 2023-24 ൽ ദുരിതാശ്വാസ നിധി പ്രകാരം വരവും ചെലവും ഇല്ലെന്നും പലിശ ഇനത്തിൽ 786/- രൂപ ലഭ്യമായെന്നും അറിയിച്ചു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 31.03.24 ൽ 22,069/- രൂപയുടെ ബാലൻസ് ഉണ്ട്.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കാവുന്നതുമാണ്.

## 1-47 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് സർക്കുലർ നമ്പർ 56808/09/ത.സ്വ.ഭ.വ. പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആർജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം. 21/12.08.2024) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയതായി അറിയിച്ചുവെങ്കിലും ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-48 ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ. തീ. 19.04.2022] ഖ. 6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ഖ. 6.8(2) പ്രകാരം സേവനം മെച്ചപ്പെത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഇത്തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച എൻക്വയറിക്ക് (നം. 21/12.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 കുളങ്ങളുടെ നവീകരണം- തുടർ പരിപാലനമില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ചുവടെ പറയുന്ന കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ചിറവിള കുളം വിത്ത് എ ബേബി ടാങ്ക് മെയിന്റനൻസ് (127/24) | 21,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 12,86,640/- |
| 2 | ചിറവിള കുളം (ചെറിയ കുളം) (146/24) | 75,315/- (ധന.കമ്മീഷൻ അവാർഡ്, വി.ഫ. സാധാരണ വിഹിതം) | 72081/- |

ഓഡിറ്റ് ടീം, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ 31.08.24 ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കുളങ്ങളിൽ, ക്രമ നമ്പർ (1) പ്രകാരമുള്ള കുളം നവീകരിച്ച് പൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണ് . തുടർ പരിപാലനമില്ലാത്തതിനാൽ കുളം പായൽ മൂടിയും പരിസരം കാട്ടു പിടിച്ച് കിടക്കുന്ന അവസ്ഥയിലാണ്. നവീകരിച്ച കുളം ഇതു വരെയും പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല.



ക്രമ നമ്പർ (2) പ്രകാരമുള്ള കുളം നവീകരിച്ചിട്ടുണ്ട്. നിലവിൽ കുളം പായൽ മൂടിയും പരിസരം കാടുപിടിച്ച് കിടക്കുന്ന അവസ്ഥയിലാണ്.



ഇതു സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 68/31.08.2024) മറുപടി ലഭ്യമാക്കിട്ടില്ല. എന്നാൽ രണ്ട് കുളങ്ങളും എസ്റ്റിമേറ്റ് അനുസരിച്ച് തൃപ്തികരമായി പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയതായും കുളങ്ങളുടെ തുടർ പരിപാലനത്തിനായി ജനകീയസമിതിയെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കേണ്ടതാണ് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 09.07.2013 ലെ സർക്കുലർ നമ്പർ 40230/ഡിഎ1/2013 പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

കുളങ്ങളിൽ സംയോജിത സംരക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്. കുളത്തിന്റെ പരിസര സംരക്ഷണം, വെള്ളത്തിന്റെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തൽ, സൗന്ദര്യവൽക്കരണം, ജൈവ വേലി, വിനോദോപാധികൾ എന്നിവ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഉപഭോക്തൃസമിതികൾ, താമസക്കാരുടെ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിന് നേരിട്ടും ഇത്തരം പ്രവർത്തനം നടത്താവുന്നതാണ്. മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കുളം സംരക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ ജൈവ മാനേജ്മെന്റ് കമ്മിറ്റി, സ്കൂളുകളിലെ ദേശീയ ഹരിതസേന, കോളേജുകളിലെ ഭൂമിത്രസേന തുടങ്ങിയ സന്നദ്ധ സംഘടനകളെയും ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കാവുന്നതാണ്. ആഫ്രിക്കൻ പായൽ, കുളവാഴ തുടങ്ങിയ ആവാസവ്യവസ്ഥയ്ക്ക് ഗുണകരമല്ലാത്ത ജലസസ്യങ്ങൾ പൂർണ്ണമായും മാറ്റേണ്ടതാണ്. മലിന ജലം, രാസ വളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടം എന്നിവ കുളത്തിലേയ്ക്ക് ഒലിച്ചിറങ്ങുന്നത് തടയേണ്ടതാണ്. കുളങ്ങളിൽ മത്സ്യങ്ങളെ വളർത്താവുന്നതാണ്.

മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് കുളങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-50 റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

17.06.2023 ലെ സർക്കുലർ നമ്പർ LSGD/PD/40538/2023-DB3 പ്രകാരം റോഡ് നിർമ്മാണത്തിനായി ആകെ റോഡ് നീളത്തിന്റെ 25% എങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് എത്ര ശതമാനം വീതം ഉപയോഗിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/22.08.2024) ലഭ്യമാക്കിയ മറുപടിയിൽ 2023-24 ലെ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശാനുസരണം റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-51 എൽ.എസ്.ജി.ഡി.എ.ഇ യുടെ ഓഫീസിലേയ്ക്ക് വാഹന സൗകര്യം ലഭ്യമാക്കൽ - ആദായനികുതി ഈടാക്കി ഒടുക്കവരുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് | എൽ.എസ്.ജി.ഡി.എ.ഇ യുടെ ഓഫീസിലേയ്ക്ക് വാഹന സൗകര്യം ലഭ്യമാക്കൽ (166/24) |
| അടങ്കൽ തുക | 1,12,592/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം ) |
| ചെലവ് തുക | 1,12,592/- |
| കരാറുകാരൻ | ശ്രീ. റിനു.ആർ |
| ബിൽ നമ്പർ | 29/09.06.23 – 4592<br>30/09.06.23 – 23000<br>31/09.06.23 – 23000<br>76/14.07.23 – 23000<br>132/16.08.23 - 23000<br>183/14.09.23 - 16000 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വാഹനം വാടകയ്ക്ക് നൽകിയ കരാറുകാരനിൽ നിന്നും IT Act 1961, Section 194 C പ്രകാരം, കരാറുകാരന് നൽകുന്ന 30,000/- ന് മുകളിലുള്ള ഓരോ ബില്ലിനും, അല്ലെങ്കിൽ ഒരു സാമ്പത്തിക വർഷം വിവിധ ബില്ലുകളിലായി ആകെ ഒരു ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ആകെ ബിൽ തുകയുടെ 1% ആദായനികുതിയിനത്തിൽ ബില്ലിൽ നിന്നും കുറവു ചെയ്ത് ഒടുക്കവരുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 44/24.08.2024) ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കാരണമാണ് ആദായനികുതി ബില്ലിൽ നിന്നും കുറവു ചെയ്ത് ഒടുക്കവരുത്താത്തത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ആദായനികുതി ഇനത്തിൽ ഒടുക്കവരുത്തേണ്ട 1125/- രൂപ (1,12,592*1%) ഒടുക്ക വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-52 പഠനോപകരണം വാങ്ങി നൽകൽ- മുൻഗണനാക്രമം പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പ്രോജക്ട് നം. S0053/24 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ തുക | 250000/- |
| ഫണ്ടിനം | വികസന ഫണ്ട് എസ്.സി.പി |
| ചെലവ് തുക | 249500/- |
| ബിൽ/ ചെക്ക് നം., തീയതി | 480, 23.02.2024 – 147564/-<br>536, 24.03.2024 – 101936/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | എച്ച്. എം, ഗവ. എൽ.പി.എസ് ചെറുന്നിയൂർ |

2023-24 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകുന്നതിനായാണ് ഈ പ്രോജക്ട് രൂപീകരിച്ചത്. ആയത് പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഠനോപകരണം സപ്ലൈ ചെയ്യുന്നതിന് താൽപര്യമുള്ള അംഗീകൃത ഏജൻസികൾ/സ്ഥാപനങ്ങൾ/കരാറുകാർ എന്നിവരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനായ ഗോൾഡൻ ഫർണീച്ചർ ആന്റ് അപ്ലൈൻസിൽ നിന്നും പഠനോപകരണമായ ഒരു പഠനമേശയും കസേരയും 4990/- രൂപ വീതം 50 എണ്ണം വാങ്ങി, വിവിധ വാർഡുകളിൽ നിന്നും 76 പേരുടെ ഒരു ഗുണഭോക്തൃ പട്ടിക തയ്യാറാക്കി മുൻഗണന ക്രമത്തിൽ 50പേർക്ക് നൽകിയിട്ടുണ്ട് . പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

വിതരണ രേഖകൾ പരിശോധിച്ചതിൽ ഒരു വാർഡിലെ ഒരേ വീട്ടിലെ ഒന്നിലധികം പേർക്ക് പഠനോപകരണം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം. | റേഷൻ കാർഡ് നം. |
|---|---|---|---|
| 1. | ശ്രീദേവ്, ചരുവിള പുത്തൻ വീട് വടശ്ശേരിക്കോണം | 4 | 1171080246 |
| 2. | ശ്രീഹരി, ചരുവിള പുത്തൻ വീട് വടശ്ശേരിക്കോണം | 4 | 171080246 |
| 3. | അമ്പാടി, ചരുവിള വെന്നിക്കോട് | 12 | 1171069981 |

| | | | |
|---|---|---|---|
| 4. | അഭിലാഷ്,ചരുവിള വെന്നിക്കോട് | 12 | 1171069981 |
| 5. | ബോധി ആർ,ചരുവിള വെന്നിക്കോട് | 12 | 171069981 |
| 6. | ആര്യൻ, ആദിത്യ ഭവൻ വെന്നിക്കോട് | 12 | 1171069624 |
| 7. | സൂര്യ,ആദിത്യ ഭവൻ വെന്നിക്കോട് | 12 | 1171069624 |
| 8. | ജാനകി ആർ, രമാ മന്ദിരം | 14 | 1171001938 |
| 9. | ശിവ ആർ, രമാ മന്ദിരം | 14 | 1171001938 |

മറ്റ് വാർഡുകളിലും അർഹരായ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉണ്ടായിരിക്കെ ലിസ്റ്റിലുള്ള മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് പരിഗണിക്കാതെ ഒരേ വീട്ടിലെ രണ്ടും, മൂന്നും പേർക്ക് ആനുകൂല്യം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കുവനായി നൽകിയ അന്വേഷണ കുറിപ്പ് നം. 23/2023-24 ന് മറുപടിയായി മറ്റ് വാർഡുകളിൽ ഗുണഭോക്താക്കൾ ആരും തന്നെ ആവശ്യമായ രേഖകൾ ഹാജരാക്കിയിരുന്നില്ല എന്നും അടങ്കൽ തുക കൂടുതൽ ആയിരുന്നതിനാലുമാണ് ലിസ്റ്റിൽ ഉള്ള ആവശ്യമായ എല്ലാരേഖകളും ഹാജരാക്കിയ ഒരേ വീട്ടിലെ കുട്ടികൾക്ക് ആനുകൂല്യം നൽകിയത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19/04/2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.3 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പല വാർഡുകളിലായി അർഹരായ ഗുണഭോക്താക്കൾ അവശേഷിക്കെ (26 പേർ) ആവശ്യമായ രേഖകൾ ഹാജരാക്കിയിരുന്നില്ല എന്ന് പറഞ്ഞ് പട്ടികയിൽ നിന്നും ഒഴിവാക്കി ഒരേ വീട്ടിലെ രണ്ട്, മൂന്നും പേർക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 പകൽവീട് പ്രോജക്ട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തിൽ പകൽവീട് നിലവിൽ ആരംഭിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.67/02.09.24) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. സർക്കാർ ഉത്തരവ് (കൈ.)നം 84/2022/തസ്വഭവ തീയതി 19.04.2022 പദ്ധതി മാർഗ്ഗരേഖ ഖ.6.5 (6) പ്രകാരം പുതിയ പകൽവീടുകളുടെ പ്രോജക്ട് ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്. ആയത് പ്രകാരം ആവശ്യമെങ്കിൽ ഗ്രാമ പഞ്ചായത്തിന് പകൽവീട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-54 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ 2023-24 ലെ വിവിധ ജനറൽ കമ്മിറ്റി തീരുമാനങ്ങളും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 30/22.08.2024) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള നിലവിലെ തുടർ നടപടി വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | തീരുമാനം നമ്പർ | തീരുമാനം | തുടർനടപടി വിവരം |
|---|---|---|---|---|
| 1 | 19.5.23 | 15(1) | ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ താന്നിമൂട് വാർഡിലെ പുതുവൽവിള മൂലയിൽ നടപ്പാത പഞ്ചായത്തിൻറെ ആസ്തിയിൽ ഉൾപ്പെടെണ്ടതാണെന്നും വർക്കല മുൻസിഫ് കോടതി മുമ്പാകെ ഇ.പി 30/21 (ഒ.എസ് 550/12) നമ്പർ കോഡിൽ കക്ഷി ചേരുന്നതിനും വിധി അസ്ഥിരപ്പെടുത്തൽ ഹർജി, സ്റ്റേ ഹർജി എന്നിവ ഫയൽ ചെയ്തിട്ടുള്ളതുമായിരുന്നു. (EA 454/23 IA 1/23, IA 2/23) എന്നാൽ 17/05/2023 ചെയ്ത ശേഷം JCB ഉപയോഗിച്ച് ഒരു സംഘം ആളുകൾ ടി നടപ്പാത പൊളിച്ചു മാറ്റുകയും പഞ്ചായത്തിൻറെ പൊതു മുതൽ നശിപ്പിച്ചിട്ടുള്ളവർക്കെതിരെ അന്വേഷണം നടത്തി സത്വര നടപടി സ്വീകരിക്കണമെന്ന് (ബഹു.പഞ്ചായത്ത് പ്രസിഡൻറിൻറെ നിർദ്ദേശാനുസരണം) അഭ്യർത്ഥിച്ച് ജില്ലാ പോലീസ് മേധാവി, DYSP, SHO, Varkala SI, എന്നവരെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു ബോധ്യപ്പെടുത്തി (അഡ്വ. നൽകിയ നിയമോപദേശ പ്രകാരം) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 2 (XXXV) പ്രതിപാദിക്കുന്ന പൊതുവഴിയിൽ ഉൾപ്പെട്ടുവരുന്ന വഴിയാണിതെന്ന് കമ്മിറ്റി ചർച്ച ചെയ്തു. ടി വഴിയുടെ ഏകദേശം 100 ലേറെ കുടുംബങ്ങൾ | നടപ്പാത പൊളിച്ചവർക്കെതിരെ അന്യായം ഫയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 19.05.23 ൽ അഡ്വക്കേറ്റ് ഷാജിലാലിന് കത്ത് നൽകിയതായി അറിയിച്ചു. അതിന് ശേഷം സ്വീകരിച്ച് നടപടിവിവരം ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ഉപയോഗിക്കുന്നതാണെന്നും, പഞ്ചായത്ത് കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണെന്നും ഉപയോഗക്രമത്താൽ പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുവഴിയാണെന്നും കരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 പ്രകാരം നിക്ഷിപ്ത പൊതുവഴിയാണെന്നും വർഷങ്ങളായി ഉപയോഗിച്ചു വരുന്നതാണെന്നും കമ്മിറ്റി ചർച്ച ചെയ്തു. കൂടാതെ ഇക്കാര്യത്തിൽ തുടർനടപടികൾ അടിയന്തിരമായി ബഹു കോടതിയെ അറിയിക്കുന്നതിനായി പഞ്ചായത്ത് വക്കീലിനോട് നിയമോപദേശം തേടുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠേന അംഗീകരിച്ചു തീരുമാനിച്ചു. | |
| 2 | 10.08.23 | 10(i) | ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെപതിനാലാം വാർഡിലെ കല്ലുമലക്കുന്ന് കുംബത്തുവിള റോഡ് വിട്ടുനൽകി പഞ്ചായത്ത് സെക്രട്ടറി പേരിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. | തുടർ നടപടി വിവരം ലഭ്യമാക്കിയില്ല |
| 3 | 17.11.23 | 6(i) | ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ആണ്ടക്കുളം എലിയൻവിളാകം പ്രദേശത്ത് പാടശേഖരങ്ങളോട് ചേർന്നുള്ള ജലാശയങ്ങളിലും തോടുകളിലും കൈയ്യേറ്റങ്ങൾ ഉള്ളതായും ആയത് ഒഴിപ്പിച്ചു പൂർവ്വ സ്ഥിതിയിലാക്കണമെന്ന SOC യുടെ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. ഡിജിറ്റൽ സർവ്വെ റിപ്പോർട്ട് പരിശോധിച്ച് കൈയേറ്റമുണ്ടെന്ന് കണ്ടെത്തുന്ന പ്രദേശങ്ങളിൽ താലൂക്ക് സർവ്വെയർ മുഖേന സർവ്വെ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. | ഡിജിറ്റൽ സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളുവെന്ന് റവന്യൂ വകുപ്പിൽ നിന്നും അറിയിച്ചു. |
| 4 | 22.12.23 | 6(i) | ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 ൽ പുതുതായി വെട്ടിയ പാതിരിവിള പ്രിയദർശിനി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലേക്കായി വാർഡ് മെമ്പർ ശ്രീമതി ലത.ജി നൽകിയ കത്ത് കമ്മിറ്റി പരിശോധിച്ചു. വസ്തു ഉടമകൾ സ്ഥലം രജിസ്ടർ ചെയ്തു നൽകുന്ന മുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. | പ്രസ്തുത വഴി പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് തരുന്ന മുറയ്ക്ക് മാത്രമേ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു എന്ന് അറിയിച്ചു കത്ത് നൽകിയിട്ടുണ്ട്. |
| 5 | 2.2.24 | 7(i) | ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്കമ്മിറ്റി ചർച്ച ചെയ്തു. കുറഞ്ഞത് 15 സെന്റ് സ്ഥലം വാങ്ങുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളെയുംസന്നദ്ധ സംഘടനകളെയും, റസിഡന്റ്സ് അസോസിയേഷനുകളെയും ഉൾപ്പെടുത്തി പൊതു കമ്മിറ്റി രൂപീകരിക്കുന്നതിനും കമ്മിറ്റുയുടെ നേതൃത്വത്തിൽ ഫണ്ട് സ്വരൂപിച്ച് സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്ത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സൗജന്യമായി സ്ഥലം രജിസ്റ്റർ ചെയ്തു നൽകുന്നതിനും തീരുമാനിച്ചു. | കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു |
| 6 | 22.12.23 | 14(i) | ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ദാന ആധാരം വഴി രജിസ്റ്റർ ചെയ്തു നൽകിയ പുരയിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീമതി ഷൈനി ലഭ്യമാക്കിയ ആധാരം പ്രകാരം 7/198/5-A റിവർവ്വെ നമ്പരിലുള്ള 1 ആർ 71 ച.മീ സ്ഥലം റോഡ് നിർമ്മാണത്തിനായി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. | റോഡിന്റെ പേരോ, നീളമോ, വീതിയോ കമ്മിറ്റി തീരുമാനത്തിൽ വ്യക്തമല്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല എന്ന് AE അറിയിച്ചു. |

മേൽ ജനറൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ അധികമായി അനുവദിച്ച -51,790/- രൂപ നിരാകരിക്കുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/03/3024 തീയതിയിലെ എസ്.സി3/1332/2024 തീയതി 26.03.2024 ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാർക്ക് 2021-22, 2023-24 വർഷങ്ങളിലെ 30 ദിവസത്തെ ആർജ്ജിതാവധി (15 ദിവസം വീതം) പണമാക്കി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരൻ/തസ്തിക | ആർജ്ജിതാവധി പണമാക്കിയ തുക | | | വൗച്ചർ നം./തീയതി |
|---|---|---|---|---|---|
| | | 2021-22 | 2023-24 | ആകെ | |
| 1 | നസീം നസീർ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 15730 | 15730 | 31460 | 22301067/31.03.2024 |
| 2 | ഷീന.വി, ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| 3 | സ്വപ്ന അരവിന്ദ്, എ.ഐ.റ്റി.ഐ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| 4 | സന്ധ്യ. എ.ആർ, എ.ഐ.റ്റി.ഐ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 12020 | 12020 | 24040 | 22301067/31.03.2024 |
| **ആകെ** | | **51790** | **51790** | **103580** | |

വൗച്ചർ നമ്പർ 22200960/31.03.2023 പ്രകാരം മേൽ ജീവനക്കാരുടെ 2022-23 വർഷത്തേയ്ക്കുള്ള ആർജ്ജിതാവധി സറണ്ടർ മുൻ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 30/03/2023 തീയതിയിലെ NREGA/192/2023- D1 സർക്കുലർ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരുടെ കരാർ കാലാവധി 2 വർഷമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കരാർ ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിച്ച 15 ദിവസത്തെ ആർജ്ജിതാവധി അടുത്ത വർഷത്തിലേയ്ക്ക് ക്യാരി ഓവർ ചെയ്യാനും, പരമാവധി 30 ദിവസത്തെ പരിധിക്ക് വിധേയമായി ആർജ്ജിതാവധി സറണ്ടർ ചെയ്യാനും സാധിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി പ്രസ്തുത വർഷം തന്നെ സറണ്ടർ ചെയ്ത സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്ത് പണമാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരുടെ സേവന രേഖ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി പണമാക്കി മാറ്റിയിരുന്നില്ലായെന്നും, 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്ത് പണമാക്കാൻ സാധിക്കില്ല എന്നത് ശ്രദ്ധയിൽ പെട്ടിരുന്നില്ലായെന്നും ആയതിനാലാണ് 30 ദിവസത്തെ ആർജ്ജിതാവധി പണമാക്കി അനുവദിച്ചതെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (72/02.09.2024) മറുപടി ലഭ്യമാക്കി. 2021-22 വർഷത്തെ ആർജ്ജിതാവധി പണമാക്കിയ തുകയായ 51,790/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്കുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 70000 | 5/24, സഞ്ജീവനി പദ്ധതി - വിള ആരോഗ്യ ക്ലിനിക് വഴി സസ്യ സംരക്ഷണ ഉപാധികൾക്ക് ധനസഹായം | 70000 | 0 |
| | | 0 | 200546 | 25/24, കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി | 200546 | 0 |
| | | 0 | 200000 | 11/24, പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 0 | 39050 | 4/24, ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 39050 | 0 |
| | | 0 | 180000 | 03/24, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 180000 | 0 |
| | | 0 | 100000 | 10/24, അങ്കണവാടി പോഷകാഹാരം ജനറൽ | 100000 | 0 |
| | | 0 | 960000 | 141/24, ലൈഫ് - ഭവന നിർമ്മാണം (പട്ടിക ജാതി) | 960000 | 0 |
| | | 0 | 800000 | 22/24, ലൈഫ് - ഭവന നിർമ്മാണം (ജനറൽ) | 800000 | 0 |
| | | 0 | 200000 | 51/24, ക്ഷീര സമൃദ്ധി | 200000 | 0 |
| | | 0 | 252993 | 44/24, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ജീവനക്കാരുടെ ശമ്പളം, കുട്ടികളുടെ ഭക്ഷണ ചെലവ്, വാഹന വാടക | 252993 | 0 |
| | | 377040 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 377040 |
| **ആകെ** | | **377040** | **3002589** | | **3002589** | **377040** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 0 | 110500 | 25/24, കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി | 110500 | 0 |
| | | 0 | 180000 | 03/24, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 180000 | 0 |
| | | 0 | 520000 | 141/24, ലൈഫ് - ഭവന നിർമ്മാണം (പട്ടിക ജാതി) | 520000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 120000 | 142/24, ലൈഫ് - ഭവന നിർമ്മാണം (ജനറൽ) | 120000 | 0 |
| | 367380 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 367380 |
| **ആകെ** | **367380** | **930500** | | **930500** | **367380** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2022-23 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2023-24 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 377040 | 3002589 | 3379629 | 3002589 | 377040 | 377040 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 367380 | 930500 | 1297880 | 930500 | 367380 | 367380 |

## 4-2 നിക്ഷേപ പ്രവർത്തികൾക്കുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 98/24, നിലവിൽ ഉപയോഗിക്കാത്ത പൊതു ടാപ്പുകൾ ഒഴിവാക്കൽ | 414700* | 0 | 414700 |
| കെ.എസ്.ഇ.ബി | 129/24, സ്ട്രീറ്റ് ലൈനിനായി പ്രത്യേകം ലൈൻ ദീർഘിപ്പിക്കൽ | 99187 | 0 | 99187 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 148/24, പി.എച്ച്.സി യിലെ കുഴൽകിണറിന് പമ്പ് സെറ്റ് സ്ഥാപിക്കൽ | 198000 | 0 | 198000 |

*സുലേഖ ചെലവ് പത്രികയിൽ 200000/- രൂപയുടെ ചെലവ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. അവശേഷിക്കുന്ന 214700/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 6945759 /25-03-2024 പ്രകാരം അനുവദിച്ച നൽകി.

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | മുന്നിരിപ്പ് | 2023-24 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2520716 | 414700 | 2935416 | 0 | 2935416 | 3418889** |
| കെ.എസ്.ഇ.ബി | 919935 | 99187 | 1019122 | 0 | 1019122 | 1019122 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 156451 | 198000 | 354451 | 0 | 354451 | 354451 |

** മുൻവർഷം പ്രോജക്ട് നമ്പർ 105/2023 പ്രകാരം വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത 483,473/- തൻവർഷം അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിന്റെ കാരണം.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സൂലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 18732235 | 11820237 | 30552472 | 2779764 | 27772708 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 24808010 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48696931 |
| ആകെ | 73504941 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38465681 |
| നീക്കിയിരിപ്പ് | 35039260 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **51,790** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **5,10,700** |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 51,790 | ശ്രീ. ആരിഫുദ്ദീൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4,14,700 | ശ്രീ. ആരിഫുദ്ദീൻ, സെക്രട്ടറി |
| 1-35 | 30,000 | ഡോ. ബൈജു .എസ്, വെറ്ററിനറി സർജൻ |
| 1-36 | 45,000 | ഡോ. ബൈജു .എസ്, വെറ്ററിനറി സർജൻ |
| 1-40 | 21,000 | ശ്രീ. ആരിഫുദ്ദീൻ, സെക്രട്ടറി |
| **ആകെ** | **5,10,700** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആരിഫുദ്ദീൻ, സെക്രട്ടറി | ആരിഫുദ്ദീൻ, സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് | ഫാൽക്കൻ ഹൗസ്, ചെറുന്നിയൂർ, തിരുവനന്തപുരം |
| ഡോ. ബൈജു .എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ വർക്കല മുനിസിപ്പാലിറ്റി | നന്ദനം, ചെമ്പഴന്തി പി.ഒ. അനിയൂർ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/197/2022 തീയതി 25.10.2022 | 1 |
| 2014-15 | | 1 |
| 2015-16 | | 5 |
| 2016-17 | | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/43/2019 തീയതി 07.03.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/1867/2019 തീയതി 03.12.2020 | 19 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/671/2021 തീയതി 07.03.2021 | 27 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/255/2022 തീയതി 11.05.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/129/2023 തീയതി 17.02.2023 | 35 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1844/2023 തീയതി 26.12.2023 | 54 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 31-05-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Cherunniyoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cherunniyoor Grama Panchayat as on 31-03-2024

**Date:** 13/11/2024

**Deputy Director**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Cherunniyoor Grama Panchayat for the Year 2023-2024 .

**1.Major Observations**

1. The amount payable to Water Authority as water Charge upto March 2024 (Rs. 3854724/-) is not included as Liability in Balance Sheet B- 9 Schedule.

**2.Other Observations**

1. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Schedule (Adjusted performance for the current year) etc. are not submitted with the annual financial statement.

2. Cash flow statement-Net increase in cashflow (Rs.10231250/-) does not match with net cash generated by operating, investing, financing activities (8917679/-).

3. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

4. The amount of Rs. 50696/- booked as receipt in ILGMS through online receipt upto March 2024 has not seen credited in
State Bank of India CHERUNNIYOOR (37259656340) account till date.

5. Measures are to be taken for recrediting the amount of Rs. 9614/-, which is transferred to Deaf Account, to the State Bank of India Account (57060054805).

6. Lapses were noticed in making timely and accurate demand entries in respect of tax and non tax revenue.

7. No action has been taken to realise the amount of Rs. 56682/- under the Liability head in respect of Stale cheques.

8. Non disclosure of expenses due- Expenses due such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expenses due (B-9).

9. Depreciation not provided for Roads & Bridges, Sewerage & Drainage, Waterways, Public Lighting, plant and machinery.

10. Following bank books shows credit balance for certain periods.

| Account | Period showing credit balance |
|---|---|
| State Bank of India (67061858880) | 08.08.2023 to 29.09.2023 |
| FEDERAL BANK (11290100430184) | 31.10.2023 to 29.01.2024 |
| CANARA BANK (110065799436) | 07.12.2023 to 24.02.2024 |

11. Amount withdrawn from bank before making entry in concerned bank books. Some examples given below.

| Voucher No./date | Item | Amount | Cheque No./date | Date of withdrawal as per bank statement |
|---|---|---|---|---|
| 22300033/16.05.2023 | Mike Announcement charges for Adalath | 2500 | 108120/03.05.2023 | 03.03.2023 |
| 22300052/23.05.2023 | Advocate fee | 3606 | 108124/12.05.2023 | 12.05.2023 |
| 22300067/27.05.2023 | Advertisement of Tender notice of Drinking water | 17136 | 108128/18.05.2023 | 19.05.2023 |
| 22300126/17.06.2023 | Mike Announcement charges of Malinya muktham nava Keralam Campaign including vehicle rent | 6500 | 108142/05.06.2023 | 05.06.2023 |
| 22300111/13.06.2023 | Security Deposit Refund | 5000 | 108146/06.06.2023 | 06.06.2023 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്